Vol. 46, Issue 09, September 2024 Date of Publication : 15 September 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis



# ആദരാഞ്ജലികൾ



## മോൺ. ഡോ. ജോർജ്ജ്  കുരുക്കൂർ

ജനനം : 01-03-1941

മരണം : 09-09-2024

# പിഒസി കുടുംബം

# താളുകളിലൂടെ...........


| | |
|---|---|
| എഡിറ്റോറിയൽ | 5 - 6 |
| മോൺസിഞ്ഞോർ ജോർജ് കുരുക്കൂർ (1941 - 2024)<br>അനുസ്മരണം<br>**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി** | 7 - 14 |
| അനന്ത മാഹാത്മ്യം<br>**ഫാ. ഷാനു ഫെർണാണ്ടസ് മാട്ടുമ്മൽ** | 15 - 25 |
| കാർബൺ ന്യൂട്രാലിറ്റിയും കത്തോലിക്കാ സഭയും<br>**പ്രൊഫ. അഗസ്റ്റിൻ ചേന്നാട്ട്** | 26 - 33 |
| ജെൻഡർ തിയറി: സഭയുടെ നിലപാടുകളിലെ<br>തുറവിയും ഉറപ്പും<br>**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ** | 34 - 43 |
| യേശുവിന്റെ പ്രാർഥനകൾ :<br>**ഫാ. ഡോ. ഫിലിപ് ചെമ്പകശ്ശേരി** | 44 - 46 |
| കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക.<br>**ബ്രദർ തോമസ് പോൾ കൊടിയൻ** | 47 - 51 |
| പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന<br>സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ<br>**എം. കോഴിമണ്ണിൽ** | 52 - 53 |
| ഗാനമൂല - അനന്ത മാഹാത്മ്യം<br>**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** | 54 |
| പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ<br>2024 - ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന<br>സന്ദേശം - സർക്കുലർ | 56 - 65 |
| സമീക്ഷകൻ<br>**ആന്റണി ചടയംമുറി** | 66 |

# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 09**

September 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Dr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Dr. K.M. Francis |
| | | Chev. Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Mary Ambily |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

എഡിറ്റോറിയൽ

# മനുഷ്യന്റെ
# അനന്ത മാഹാത്മ്യം



ഫാ. ടോണി കോഴിമണ്ണിൽ
ചീഫ് എഡിറ്റർ

വ്യക്തികൾ പരസ്പരം കഴിവുകൾ തെളിയിക്കാൻ മത്സരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ശക്തർ മാത്രം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരികയും, ദുർബലർ അവഗണിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയുണ്ട് എന്നത് വാസ്തവമാണ്. ചിലയിടങ്ങളിൽ വ്യക്തികളുടെ ന്യായമായ അവകാശങ്ങൾ പോലും വെല്ലുവിളിക്കപ്പെടുന്നു, മാന്യമായ ജീവിതം നയിക്കാനുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെടുന്നു, അനേകർ പ്രത്യേകിച്ച്, സ്ത്രീകളും കുട്ടികളും പലയിടങ്ങളിലും കടുത്ത ചൂഷണങ്ങൾക്ക് ഇരകളാക്കപ്പെടുന്നു. ജീവന്റെ മൂല്യത്തെ മാനിക്കാത്ത തരത്തിൽ അബോർഷനും കൊലപാതകങ്ങളും യുദ്ധങ്ങളും പെരുകുന്നു. ഒരു വശത്ത് ധൂർത്ത് വർദ്ധിക്കുമ്പോൾ മറുവശത്ത് അനേകർ കടുത്ത പട്ടിണിയിലും രോഗാവസ്ഥയിലും ആണ്. മനുഷ്യാവകാശങ്ങളെക്കുറിച്ച് ഘോരഘോരം അന്താരാഷ്ട്ര വേദികളിൽ നിരന്തരം പ്രസംഗിക്കപ്പെടുന്നുണ്ടെങ്കിലും മനുഷ്യന്റെ മൂല്യത്തെ വേണ്ടരീതിയിൽ അംഗീകരിക്കാനോ, ആദരിക്കാനോ മടികാണിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിപ്പോൾ.

ഇവിടെ മനുഷ്യവ്യക്തിയുടെ മഹത്വത്തെ മുറുകെ പിടിക്കുകയും അതിന് വേണ്ടി സധൈര്യം നിലകൊള്ളുകയും ചെയ്യുന്നത് കത്തോലിക്കാ സഭയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. അമ്മയുടെ ഉദരത്തിലുള്ള കുഞ്ഞാണെങ്കിലും ശാരീരികമോ മാനസികമോ ആയ ദുർബലതകൾ കൊണ്ട് സാധാരണ ജീവിതം നയിക്കാനാവാത്ത വ്യക്തിയാണെങ്കിലും ശയ്യാവലംബരായിരിക്കുന്ന രോഗികളോ വൃദ്ധരോ ആണെങ്കിലും സഭ അവരെ ഏറെ ആദരവോടെ ശുശ്രൂഷി

ക്കുന്നു, അവർക്ക് വേണ്ടി ശക്ത മായി വാദിക്കുന്നു. കത്തോലിക്കാ സഭയുടെ സവിശേഷമായ സേവന മേഖലകളിൽ ഒന്നാണ് ജീവനെ ആദരിക്കുകയും കരുതുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ.

സഭയുടെ ഈ ഉറച്ച നിലപാടിന് പിന്നിൽ ശക്തമായ ദൈവ ശാസ്ത്ര പിന്തുണയുണ്ട് എന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന പ്രബോധനമാണ് വിശ്വാസ പ്രബോധന കാര്യാലയത്തിന്റെ അനന്ത മാഹാത്മ്യം എന്ന ദൈവ ശാസ്ത്ര പ്രബോധനം. ദൈവ ത്തിന്റെ ച്ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ടിരി ക്കുന്നു എന്നതാണ് മനുഷ്യന്റെ മഹാത്മ്യ ത്തിന് അടിസ്ഥാന കാരണം. എല്ലാവരും സഹോദരങ്ങൾ ആയി മാറുന്നതുപോലും അതി ർവരമ്പുകൾ നിർണയിക്കാൻ സാധ്യമല്ലാത്ത, അനന്തമായ മാഹാത്മ്യം ഓരോ വ്യക്തിയിലും ഉള്ളതിനാലാണ്. ആയതിനാൽ, ഓരോ സാംസ്കാരിക സാഹച ര്യത്തിലും മനുഷ്യത്വത്തിന്റെ ഓരോ വേളയിലും - അത് ശാരീ രികമോ, മാനസികമോ, സാമൂഹി കമോ ധാർമികമോ ആയ ന്യൂന തകളാണെങ്കിലും - എല്ലാ മനു ഷ്യരും മാനുഷിക മാഹാത്മ്യം ഉയർത്തിപ്പിടിക്കണം എന്നാണ് ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്. നമ്മുടെ സമൂഹ ങ്ങൾ യഥാർത്ഥത്തിൽ നീതി പൂർവകവും സമാധാനപരവും ആരോഗ്യകരവും സത്യത്തിൽ മാനുഷികവും ആണെന്ന് അംഗീ കരിക്കണമെങ്കിൽ അതിനുള്ള അടിസ്ഥാന വ്യവസ്ഥ മറ്റൊന്നു മല്ല, അത് മനുഷ്യ വ്യക്തിക്ക് നൽ കുന്ന മാഹാത്മ്യം മാത്രമാണ്. മാത്രവുമല്ല, മനുഷ്യമഹാത്മ്യത്തി ന്റെയും സാഹോദര്യത്തിന്റെയും ഉറവ സുവിശേഷത്തിൽ ആണു ള്ളത് എന്നതും ഫ്രാൻസിസ് പാപ്പ ഉറപ്പിച്ചു പറയുന്നുണ്ട്.

ഈ ലക്കത്തിലെ താലന്ത് പ്രധാ നമായും അനന്ത മാഹാത്മ്യത്തെ കുറിച്ചുള്ള ഒരു അപഗ്രഥനമാണ്. ദൈവത്തിന്റെ അനന്യമായ കര വിരുതാണ് രണ്ടും. ഭാവിതല മുറക്കുവേണ്ടി നമ്മുടെ വാസ ഗ്രഹത്തെ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും ഒരർത്ഥ ത്തിൽ മനുഷ്യ മാഹാത്മ്യം ഉയർ ത്തിപ്പിടിക്കുന്ന നിലപാടുകളുടെ പ്രായോഗിക വശമാണ്. കെസി ബിസി 2025 ഹരിതശീല വർഷ മായി പ്രഖ്യാപിച്ചിരിക്കുന്നു. ഭൂമി യേയും പ്രകൃതിയേയും മനുഷ്യ രെയും ആദരവോടെ എന്നും സമീപിക്കാൻ നമ്മുക്ക് സാധിക്കട്ടെ

*

# മോൺസിഞ്ഞോർ ജോർജ് കുരുക്കൂർ

(1941–2024)

## അനുസ്മരണം





**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/
ഔദ്യോഗിക വക്താവ്,
ഡയറക്ടർ, പിഒസി.

കോതമംഗലം രൂപതാംഗവും മാറാടി സെന്റ് ജോർജ് ഇടവകക്കാരനും സംസ്കൃതം, മലയാളം, ലാറ്റിൻ, ഭാഷകളിൽ പണ്ഡിതനും കത്തോലിക്കാ സഭാപ്രബോധനങ്ങളുടെയും മാർപാപ്പാമാരുടെ ചാക്രികലേഖനങ്ങളുടെയും വിശ്വസ്ത വിവർത്തകനും പരോപകാരപ്രിയനും ലാളിത്യം കൊണ്ടും എളിമകൊണ്ടും വിനയം കൊണ്ടും സഹപ്രവർത്തകരുടെയും സ്നേഹിതരുടെയും ആദരവുകൾ നേടിയവനുമായ മോൺ. ജോർജ് കുരുക്കൂർ തന്റെ


എൺപത്തിമൂന്നാമത്തെ വയസ്സിൽ വളരെ ശാന്തതയോടെ മരണത്തെ പുൽകി കടന്നുപോകുമ്പോൾ നിശബ്ദവും നിർമമത്വവും നിറഞ്ഞ സന്യാസാത്മകമായ ഒരു വിശുദ്ധ പൗരോഹിത്യ ജീവിതത്തിനാണ് തിരശീല വീഴുന്നത്.

കാലത്തിന്റെ യവനികക്കുള്ളിൽ മറഞ്ഞുപോകുമ്പോഴും അച്ചൻ തന്റെ തൂലികകൊണ്ടും കർമ്മനിരതമായ ജീവിതം കൊണ്ടും പിതൃതുല്യമായ സ്നേഹം കൊണ്ടും സുവിശേഷാത്മകമായ സേവനംകൊണ്ടും മിഴിവോടെ നെയ്തുവച്ച തന്റെ ഭൗമികജീവിതം ഒരിക്കലും മായാതെ എന്നും നിർമ്മലമായ ഒരു ചിത്രമായി നമ്മുടെ മനസ്സുകളിലും ചിന്തകളിലും ഓർമ്മകളിലും വാക്കുകളിലും നിറഞ്ഞു നില്ക്കും.

സന്യാസോത്തമനായി പൗരോഹിത്യം ജീവിച്ച് വിരക്തിയുടെ വിശുദ്ധപകർന്നാട്ടം വഴി കിട്ടിയതെല്ലാം മറ്റുള്ളവർക്കുവേണ്ടി നഷ്ടപ്പെടുത്തിക്കൊണ്ട് നിർമമതയുടെ മൂല്യം വെളിവാക്കിയ വിശുദ്ധ ജീവിതത്തിന്റെ ഓർമ്മകൾക്കുമുന്നിൽ നമ്രശിരസ്കനായി നമോവാകം ചെയ്തുകൊണ്ട് - കേരളത്തിന്റെ മാർപാപ്പാക്ക് - ഗുരുജിക്ക്, ഒരു കോടി നന്ദി പ്രകാശിപ്പിച്ച് ആ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തട്ടെ...

## 1. ബഹുഭാഷാ പണ്ഡിതൻ:

അച്ചന്റെ വ്യക്തിപരമായ ലൈബ്രറിയിൽ ഗ്രീക്ക്, സംസ്കൃതം, ലാറ്റിൻ, പോർച്ചുഗീസ്, ഉറുദു, പേർഷ്യൻ, മലയാളം, ഹിന്ദി, സ്പാനിഷ് എന്നീ ഭാഷകളിലെ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവെന്ന് അച്ചൻ തന്നെ പറഞ്ഞിട്ടുണ്ട്. 46 ഡിക്ഷനറികളും വിവിധ ഭാഷകളിലെ വ്യാകരണഗ്രന്ഥങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. കൂടാതെ തത്വശാസ്ത്രം, ദൈവശാസ്ത്രം, ബൈബിൾ വ്യാഖ്യാനങ്ങൾ ഹിന്ദുയിസം, ഇസ്ലാം, ബുധിസം, ജൈനിസം എന്നിവയെ കുറിച്ചുള്ള ഗ്രന്ഥങ്ങളും, ലോകചരിത്രം, ഭാരതചരിത്രം, കേരളചരിത്രം തുടങ്ങിയ ചരിത്രഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിന്റെ ഭാഗമായിരുന്നു. ഭാഷകളിലെ പാണ്ഡിത്യവും പരന്നവായനയും ആഴമാർന്ന ചിന്തകളും അദ്ദേഹത്തെ വ്യത്യസ്തനാക്കി.



**2. വിശ്വസ്തവിവർത്തകൻ (മലയാളത്തിന്റെ പാപ്പാ):**

കത്തോലിക്കാസഭയുടെ പ്രബോധനഗ്രന്ഥങ്ങളുടെ വിശ്വസ്തനായ വിവർത്തകനായിരുന്നു മോൺ. ജോർജ് കുരുക്കൂർ. സഭയുടെ സാമൂഹിക നീതിയെ സംബന്ധിച്ച പ്രബോധനങ്ങൾ, മാർപാപ്പാമാരുടെ ചാക്രികലേഖനങ്ങൾ, വിവിധ സന്ന്യാസസമൂഹങ്ങളുടെ ഭരണഘടനകൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ കൈയ്യൊപ്പുപതിയാത്ത മലയാള വിവർത്തനങ്ങൾ ഒന്നും തന്നെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി കേരളസഭയിൽ ഉണ്ടായിട്ടില്ല.

1990 ജൂൺ മാസത്തിലാണ് ജോർജച്ചൻ പാലാരിവട്ടം പിഒസിയിൽ എത്തുന്നത്. സഭാപ്രബോധനങ്ങളും മാർപാപ്പാമാരുടെ ചാക്രികലേഖനങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യ

ത്തോടെ അന്ന് പിഒസി ഡയറക്ടർ ആയിരുന്ന, ഇന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് സ്ഥാനത്തുനിന്നും വിരമിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് ജോർജച്ചനെ കോതമംഗലം രൂപതയുടെ അന്നത്തെ അധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിലിന്റെ അനുവാദത്തോടെ പിഒസിയിൽ നിയമിച്ചത്. തന്നെ ഏല്പിച്ച ജോലി തികഞ്ഞ വിശ്വസ്തതോടെ പൂർത്തീകരിച്ചാണ് 2021-ൽ മുപ്പതുവർഷത്തെ സേവനം അദ്ദേഹം സമാപിപ്പിച്ചത്. പിഒസിയുടെ സാമ്പത്തിക ഭദ്രതയ്ക്ക് ജോർജ് അച്ചന്റെ നിസ്വാർഥസേവനം അടിത്തറയിട്ടു. സഭാപ്രബോധനങ്ങളുടെ വിവർത്തകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ "മലയാളത്തിന്റെ മാർപാപ്പാ" എന്ന വിശേഷണം അദ്ദേഹത്തിനു ചാർത്തിക്കൊടുത്തു. ലാറ്റിൻ ഭാഷയിൽ രചിക്കപ്പെട്ട 300 പേജുള്ള ഒരു പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിന് മൂന്നു മാസമെങ്കിലും എടുക്കും എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

അങ്ങനെ അദ്ദേഹം പറഞ്ഞത് ഇന്ത്യോ-യൂറോപ്യൻ ഭാഷയെ ദ്രാവിഡിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിന്റെ ക്ലേശത്തെ സൂചിപ്പിക്കാനാണ്. കാരണം രണ്ടു ഭാഷകളും രണ്ടു വ്യത്യസ്ത ഭാഷാകുടുംബങ്ങളിൽപ്പെട്ടവയായതുകൊണ്ടാണ്. ലാറ്റിനിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം എളുപ്പമാകുമ്പോൾ, ലാറ്റിനിൽ നിന്ന് മലയാളത്തിലേക്കുള്ള വിവർത്തനം കഠിനമാകും. ഒരു ഭാഷാസ്നേഹിയും പഠിതാവും എന്ന നിലയിൽ പുതിയ ആശയങ്ങളും പദപ്രയോഗങ്ങളും വിവിധഭാഷകളിൽ നിന്ന് കണ്ടെത്തുന്നതിൽ തത്പരനായിരുന്നു അദ്ദേഹം.


പ്രഭാതത്തിൽ 8.30-ന് ജോലി ആരംഭിക്കുന്നതിനുള്ള പ്രാർഥന കഴിഞ്ഞാൽ കുരുക്കൂരച്ചൻ തന്റെ മുറിയിൽ മുനിയെപ്പോലെ തന്റെ തപസ്യ ആരംഭിക്കും. രാത്രി 11.30 വരെ നീളുന്ന വിവർത്തനജോലി. ഇടയ്ക്കുള്ള ഭക്ഷണ സമയങ്ങളിൽ മാത്രമെ മുറിക്കു പുറത്തിറങ്ങുകയുള്ളൂ. എന്നാൽ വൈകിട്ട് ഒരു മണിക്കൂറോളം ഉള്ള നടപ്പ് നിർബന്ധമായിരുന്നു.


പുസ്തകരചനയും വിവർത്ത നവും ഒത്തിരിയേറെ സമയവും ഏകാഗ്രതയും ആവശ്യമായ സംഗതികളാണ്. അദ്ദേഹം ടിവി. കാണാറില്ലായിരുന്നു. മറ്റ് വിനോദപരിപാടികളിൽ പങ്കെടുക്കാറുമില്ലായിരുന്നു. 1891-ലെ പതിമൂന്നാം ലെയോ മാർപാപ്പായുടെ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനമാണ് ആദ്യം വിവർത്തനം ചെയ്തത്. പിന്നീടങ്ങോട്ട് ഇരുന്നൂറോളം (200) ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് കൈരളിക്കു ലഭിച്ചത്. 2021-ൽ ഫ്രാൻസിസ് പാപ്പായുടെ 'ഫ്രത്തേലി തൂത്തി' (എല്ലാവരും സഹോദരർ) യാണ് അവസാനം വിവർത്തനം ചെയ്തത്. മുപ്പതു വർഷത്തെ നിശബ്ദവും നിഷ്കാമവും ശുദ്ധവുമായ സേവനമായിരുന്നു അദ്ദേഹത്തിന്റേത്.

### 3. അധ്യാപകൻ:

സംസ്കൃത അധ്യാപകനായി മംഗലപ്പുഴ മേജർ സെമിനാരിയിൽ അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

കൂടാതെ കോതമംഗലം രൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അധ്യാപകനായി ശുശ്രൂഷ ചെയ്തിട്ടുണ്ട് അദ്ദേഹം.



### 4. ലാളിത്യം നിറഞ്ഞ ജീവിതം:

സ്നേഹത്തോടും ബഹുമാനത്തോടുംകൂടി പിഒസിയിലെ വൈദികരും മറ്റ് ശുശ്രൂഷകരും ബഹുമാന്യനായ ഗുരു എന്നർഥത്തിൽ ഗുരുജി എന്നാണ് അദ്ദേഹത്തെ സംബോധന ചെയ്തിരുന്നത്. സ്ഥലനാമങ്ങളെക്കുറിച്ചോ, വീട്ടുപേരുകളെ കുറിച്ചോ ചോദിച്ചാൽ പ്രസ്തുത പേരിന്റെ ഭാഷാപരമായ പ്രത്യേകതകളും അതിന്റെ ഉത്ഭവത്തിനിടയാക്കിയിട്ടുണ്ടാകാവുന്ന കാര്യങ്ങളും അദ്ദേഹം വിശദീകരിക്കും. ഏതെങ്കിലും വിഷയം സംബന്ധിച്ച ചർച്ചയാണെങ്കിൽ മുൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങൾ ഓർത്തെടുത്തുകൊണ്ട് പ്രസ്തുത വിഷയത്തിന്റെ ചരിത്രപരമായ പ്രസക്തിയെകുറിച്ച് അദ്ദേഹം പ്രതികരിക്കും.

സഭാചരിത്രത്തിലും ലോകചരിത്രത്തിലും ഗുരുജിക്ക് അസാമാന്യമായ പാടവമുണ്ടായിരുന്നു. അറിവും പാണ്ഡിത്യവും അദ്ദേഹത്തെ വിനീതനാക്കി. വളരെ സാധുവായിട്ടാണ് അദ്ദേഹം എപ്പോഴും കാണപ്പെട്ടിട്ടുള്ളത്. തന്റെ കിടപ്പുമുറിയും പുസ്തകശേഖരങ്ങളുടെ മുറിയും ഒരുപോലെയായിരുന്നു. കട്ടിലിൽ ഒരു ചെറു തഴപ്പായയിലാണ് അദ്ദേഹം ഇക്കാലമത്രയും വിശ്രമിച്ചത്. വളരെ മുഷിഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ മുറികൾ. തന്റെ കിടപ്പുമുറിയുടെ അസൗകര്യത്തെക്കുറിച്ച് ഒരിക്കലും അദ്ദേഹം പരാതിപറഞ്ഞിട്ടില്ല.

ഭക്ഷണത്തിന് പ്രത്യേക നിർബന്ധങ്ങളോ നിബന്ധനകളോ വച്ചില്ല. പൊതുവായിട്ടുള്ളതിൽ സന്തോഷത്തോടെ പങ്കുചേർന്നു. പിഒസിയുടെ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടിയാണ് ആലഞ്ചേരി പിതാവ് തന്നെ ഇവിടെ കൊണ്ടുവന്നത് എന്ന് ഇടയ്ക്കിടെ പറയുമായിരുന്നു. പിതാവും ഇക്കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. മുപ്പതുവർഷത്തെ തന്റെ നിശബ്ദശുശ്രൂഷയിലൂടെ സഭാകാര്യാലയത്തിന് വലിയ സാമ്പത്തിക ഭദ്രത അദ്ദേഹം നേടിത്തന്നിട്ടുണ്ടെന്ന് എളിമയോടെ ഞാൻ പ്രസ്താവിക്കട്ടെ.

പിഒസിയിലെ കുടുംബാംഗങ്ങൾ മാത്രമായിരുന്നില്ല അച്ചന്റെ സ്നേഹഭാജനങ്ങൾ. പിഒസിക്കു ചുറ്റുമുള്ള കുടുംബങ്ങളിൽ

അദ്ദേഹം വലിയ സ്വീകാര്യനായിരുന്നു. എപ്പോൾ വേണമെങ്കിലും അദ്ദേഹത്തിന് വീടുകളിൽ പോകാൻ കഴിയുമായിരുന്നു. എല്ലാവരുമായി നല്ല സൗഹൃദം അദ്ദേഹത്തിനുണ്ടായിരുന്നു. കുറെയേറെ വിദ്യാർഥിനികൾക്ക് പഠിക്കാനുള്ള സൗകര്യം താൻ ചെയ്തുകൊടുത്തിട്ടുണ്ടെന്ന് അച്ചൻ പറയുമായിരുന്നു. അച്ചന് ലഭിച്ചിട്ടുള്ള പണമത്രയും മറ്റുള്ളവർക്ക് ദാനം ചെയ്യുന്നത് ഞങ്ങളിൽ പലരും കണ്ടിട്ടുണ്ട്. ഒരിക്കൽ പിഒസിയിലെ അച്ചന്മാർ ഇക്കാര്യത്തിൽ അച്ചനോട് ഗൗരവത്തിൽ തന്നെ ചോദിച്ചിട്ടുള്ളതുമാണ്. എന്നാൽ അദ്ദേഹം തനിക്കു ലഭിക്കുന്നതെന്തും ആവശ്യക്കാരുമായി പങ്കുവയ്ക്കുന്നതിൽ അതീവ താത്പര്യമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

വിവിധ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്ത കാലഘട്ടത്തിലും പിന്നീട് പിഒസിയിലും അനാർഭാടമായി ജീവിച്ച് ലാളിത്യത്തിന്റെ മാതൃകയായ ഈശോയെ അനുഗമിച്ച മോൺ. ജോർജ് കുരുക്കൂർ ഈ തലമുറയിലെ വൈദികർക്കും സമർപ്പിതർക്കും ഒരു വെല്ലുവിളിയാണ്. തന്റെ പാണ്ഡിത്യമനുസരിച്ച് രൂപതയുടെ കലാലയത്തിൽ അധ്യാപകനായി ജോലി ചെയ്യാൻ കഴിയുമായിരുന്ന സാധ്യതകളാണ് സഭാശുശ്രൂഷയുടെ നിശബ്ദജീവിതത്തിനായി അദ്ദേഹം മാറ്റിവച്ചത്. പുതുതലമുറയിലെ വൈദികരുടെ വ്യഗ്രത നിറഞ്ഞ ജീവിതശൈലിയോട് അദ്ദേഹത്തിന് കനത്ത വിയോജിപ്പുണ്ടായിരുന്നു. പ്രാർഥനയും അച്ചടക്കവും അനുസരണവും വൈദികജീവിതത്തിന്റെ മനോഹാരിതയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

### 5. ഒരുകോടി നന്ദി:

പ്രിയ ബഹുമാനപ്പെട്ട മോൺ. ജോർജ് കുരുക്കൂരിന് ആര് എന്ത് സഹായം ചെയ്തു കൊടുത്താലും അദ്ദേഹം പ്രതികരിച്ചിരുന്നത് “ഒരു കോടി നന്ദി” എന്നാണ്. ഹൃദയത്തിൽ വിനയവും ശുദ്ധിയും ഉള്ളവർക്ക് മാത്രമാണ് ഹൃദയം തുറന്ന് നന്ദി പ്രകാശിപ്പിക്കാൻ സാധിക്കുകയുള്ളൂ. സംതൃപ്തി നിറഞ്ഞ ജീവിതത്തിന്റെ തെളിവാണ് ശുദ്ധമായ നന്ദി പ്രകാശനം. അച്ചൻ എപ്പോഴും തന്റെ പൗരോഹിത്യ

ത്തിൽ അഭിമാനം കൊള്ളുകയും നിറഞ്ഞ സന്തോഷത്തോടും സംതൃപ്തിയോടും കൂടെ അതിൽ ജീവിക്കുകയും ചെയ്ത വ്യക്തി യാണ്. അതുകൊണ്ടാണ് അദ്ദേഹ ത്തിന് എപ്പോഴും ചെറിയ കാര്യ ത്തിനുപോലും നന്ദി പ്രകാശി പ്പിക്കാൻ കഴിഞ്ഞത്.


**പ്രിയ ബഹു. മോൺസിഞ്ഞോറച്ചാ**
**ഞങ്ങൾ അങ്ങയോട് പറയുന്നു "ഒരു കോടി നന്ദി."**

- സഭയ്ക്കുവേണ്ടി സമർപ്പണം ചെയ്ത അങ്ങയുടെ പുണ്യപ്പെട്ട ജീവിതത്തിന്...
- വിശ്വസ്തതയോടെ പൗരോഹിത്യം ജീവിച്ച് മാതൃകയായതിന്...
- സഭാപ്രബോധനങ്ങളുടെ വിശ്വസ്ത വിവർത്തകനായി മലയാളത്തിന് സഭാപ്രബോധനങ്ങൾ പകർന്നു നല്കിയതിന്...
- ജ്ഞാനതപസ്വിയായി ഞങ്ങളുടെ ഇടയിൽ ജീവിച്ചതിന്...
- നിർമമതയോടെ ഈ ലോകത്തിന്റെ ആകർഷണങ്ങളോട് പ്രതികരിച്ചതിന്...
- മുനിവര്യന്റെ ശൈലി സ്വന്തമാക്കിക്കൊണ്ട് ലാളിത്യം നിറഞ്ഞ ജീവിതം നയിച്ചതിന്...
- ഉത്തമബോധ്യത്തോടും അനുസരണത്തോടും കൂടി സഭാധികാരികളുടെ നിർദേശങ്ങളോട് വിധേയത്വം പുലർത്തിയതിന്...
- ജീവിതം പോലെ തന്നെ ശാന്തമായി മരണത്തെ സ്വാഗതം ചെയ്തതിന്...

ഒരു കോടി നന്ദി!
ഒരു കോടി നന്ദി!

*

# "അനന്ത മാഹാത്മ്യം"






**ഫാ. ഷാനു ഫെർണാണ്ടസ് മാട്ടുമ്മൽ**

റോമിലെ Dicastry For the Doctrine of the Faith ന്റെ ഏറ്റവും പുതിയ Document ആണ് *Dignitas Infinita* (അനന്ത മാഹാത്മ്യം) എന്ന പ്രഖ്യാപനം. കേരള കത്തോലിക്കാ സഭയിലെ ആസ്ഥാന കാര്യലയമായ പിഒസിയിൽവച്ച് ഈയിടെ ഒരു പഠനശിബിരം സംഘടിപ്പിക്കുകയുണ്ടായി. മനുഷ്യമാഹാത്മ്യത്തെക്കുറിച്ച് നാലു അധ്യായങ്ങളിലായി സഭയുടെ ഏറ്റവും പുതിയ ബോധ്യങ്ങളാണ് ഈ പ്രഖ്യാപനത്തിലൂടെ നമുക്ക് ലഭിക്കുന്നത്. മനുഷ്യമാഹാത്മ്യത്തിന്റെ കേന്ദ്രീയത പ്രഖ്യാപിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക, അതിനു വ്യവസ്ഥകളില്ലാത്ത ആദരം നല്കുക തുടങ്ങിയ കാര്യങ്ങളാണ് ആദ്യത്തെ മൂന്നു അധ്യായങ്ങളുടെ പ്രതിപാദന വിഷയം. നാലാമത്തെ അധ്യായത്തിൽ മനുഷ്യമഹാത്മ്യത്തിന്റെ ഗുരുതരമായ ചില ലംഘനങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പതിമൂന്നു sub heading കളിലായി കൊടുത്തിരിക്കുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

## മനുഷ്യ മാഹാത്മ്യത്തിന്റെ ഗുരുതരമായ ചില ലംഘനങ്ങൾ

ആമുഖമായി മനുഷ്യന്റെ മഹത്വം അലംഘനീയമായി നിലനിർത്തേണ്ടതിന് നമ്മുടെ നിലപാടുകൾ വ്യക്തമാക്കുകയാണ്. “ഓരോ വ്യക്തിക്കും മാഹാത്മ്യത്തോടെ ജീവിക്കുന്നതിനും സമഗ്രമായി വികാസം പ്രാപിക്കാനും അവകാശമുണ്ട്” (33). പരിമിതികളോടെ ജനിച്ചവരായാലും പരിമിതികൾ പല ജീവിത സാഹചര്യങ്ങളിലൂടെ പിന്നീട് ഉണ്ടായാലും അവർക്ക് വ്യക്തിമാഹാത്മ്യത്തോടെ ജീവിക്കാൻ അവകാശമുണ്ട്. ഓരോ വ്യക്തിയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (Immortal soul, freedom, reason etc). ജീവൻ ഹനിക്കുന്ന ഏതുതരം കുറ്റവും ഉദാഹരണത്തിന് നരഹത്യ, വർഗ്ഗവിച്ഛേദം, ഗർഭച്ഛിദ്രം, ദയാവധം, സ്വമനസ്സാ ഉള്ള ആത്മഹത്യ, അംഗവിച്ഛേദനം, ശരീരത്തിനോ മനസ്സിനോ ഏൽപ്പക്കുന്ന പീഡനം, മനസ്സിനെ ഭീഷണിപ്പെടുത്തി കീഴടക്കാനുള്ള പരിശ്രമം മുതലായവ മനുഷ്യവ്യക്തിയുടെ സമഗ്രത നശിപ്പിക്കുന്നു (34). രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിലൊന്നായ Gaudium et Spes 27 (സന്തോഷവും പ്രത്യാശയും) ൽ മനുഷ്യമഹത്വത്തിനെതിരായ മറ്റനേകം കാര്യങ്ങളെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട് (മനുഷോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, നിയമവിരുദ്ധമായ തടവുശിക്ഷ, നാടുകടത്തലുകൾ, അടിമവേല, വേശ്യാവൃത്തി, സ്ത്രീകളുടെയും കുട്ടികളുടെയും വ്യാപാരം, ജോലിക്കാരെ ലാഭത്തിന് വേണ്ടിയുള്ള വെറും ഉപകരണങ്ങളായി കാണുക തുടങ്ങിയ കാര്യങ്ങൾ) ഇങ്ങനെയുള്ള പ്രവണതകൾ മനുഷ്യസമൂഹത്തെ വിഷലിപ്തമാക്കിത്തീർക്കുന്നു. അത് ചെയ്യുന്നവരും ചെയ്യാൻ കൂട്ടുനിൽക്കുന്നവരും ദൈവത്തിനെതിരെയുള്ള supreme dishonour ആണ്. പ്രത്യേകമായി ഏതാനും ഗുരുതരമായ പ്രശ്നങ്ങൾ നമുക്ക് നോക്കാം.

### 1. ലിംഗസിദ്ധാന്തം (Gender Theory)

ദൈവികമായ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. വിവാ

ഹമെന്ന കൂദാശയിലൂടെ അവർ പിന്നെ രണ്ടല്ല ഒരു ശരീരമായി ത്തീരുന്നു. പലപ്പോഴും അടിസ്ഥാ നപരമായ കാര്യങ്ങൾപോലും വളച്ചൊടിക്കപ്പെടുന്നതും തെറ്റിദ്ധ രിപ്പിക്കപ്പെടുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. എന്താണ് sex? എന്താണ് Gender? എന്ന് അറി യുകയാണ് ആദ്യത്തെ പടി. Sex എന്നു പറയുമ്പോൾ ഒരു വ്യക്തി യുടെ Biological Identity ആണ്. Gender എന്നു പറയുമ്പോൾ സ്ത്രീത്വം (femaleness, feminine nature, പൗരുഷം (maleness masecular nature) എന്നൊക്കെയാണ് അർഥമാക്കുന്നത്. എന്നാൽ എന്താണ് ലൈംഗീകത? സ്ത്രീ യ്ക്ക് പുരുഷനോടും തിരിച്ചും ഉള്ള ലൈംഗികമായും മാനസിക മായും വികാരങ്ങളുടെയും ആകർഷണങ്ങളുടെയും ആകെ ത്തുകയാണ് ലൈംഗികത. ഒരു സ്ത്രീയ്ക്കും പുരുഷനും ശാരീ രികവും മാനസികവും വൈകാ രികവുമായ പ്രത്യേകതകൾ ഉണ്ട്. പരസ്പര പൂരകങ്ങളായിട്ടാണ് (complementary) ആയിട്ടാണ് ദൈവം സ്ത്രീയയെും പുരുഷ നെയും സൃഷ്ടിച്ചത്. എന്നാൽ ലിംഗസിദ്ധാന്തം (Gender Theory) പ്രകാരം മനുഷ്യൻ പുതിയ കണ്ടു പിടുത്തങ്ങളും പരീക്ഷണങ്ങ ളിലും ഏർപ്പെട്ടുകൊണ്ടിരിക്കുക യാണ്. LGBTQA+ എന്ന banner നു കീഴിൽ മറ്റൊരു വ്യക്തിയെ വെറു മൊരു ലൈംഗിക ഉപകരണമായി കാണാനും മനുഷ്യന് ഉള്ള മഹ ത്വവും മാഹാത്മ്യവും തമസ്കരി ക്കുന്ന രീതിയിൽ ശരീരത്തിനും മനസ്സിനും വലിയ മുറിവേൽപ്പി ക്കുകയും സമൂഹത്തെ ധാർമിക മായ വലിയ അപചയത്തിലേക്ക് കൊണ്ടു ചെന്നെത്തിക്കുകയും ചെയ്തിരിക്കുന്നു.

മഹനീയമായ വിവാഹമെന്ന കൂദാശയിലൂടെ സ്ത്രീപുരുഷ ബന്ധം ആഘോഷിക്കപ്പെടണം എന്ന് സഭ പഠിപ്പിക്കുന്നു. വിവാഹ ബന്ധത്തിലേയ്ക്ക് കടക്കുമ്പോൾ പല മേഖലയിലുള്ള ബന്ധം സുദൃ ഢമാകുന്നു. പുരുഷനും സ്ത്രീയും ശാരീരികമായും, biological, historical, psychological, dialogical, socio-cultural, existentical, mystical എന്നീ മേഖലകളിലും പരസ്പര പൂരക മായി ജീവിക്കേണ്ടത് അത്യാവശ്യ മാണ്. എന്നാൽ LGBTQA+ Culture അതിനെ വെറും ശാരീരികമായ

തിലും മാനസികമായതിലും അല്ലെങ്കിൽ mutual gratification-ലും ഒതുക്കുന്നു. വിവാഹമെന്ന കൂദാശയിൽ സഭ പഠിപ്പിക്കുന്ന unity, indisolubility, procreation എന്നീ പ്രധാനപ്പെട്ട കാര്യങ്ങൾക്കു ഒരു വിലയും കൽപ്പിക്കുന്നില്ല.

ഈ അടുത്തയിടെ "കാതൽ" എന്ന പേരിൽ ഇറങ്ങിയ സിനിമയിൽ പ്രത്യക്ഷത്തിൽ സ്വവർഗ്ഗ ബന്ധത്തെ ന്യായീകരിക്കുന്നതായി കണ്ടു. ഒരേ ലിംഗത്തിൽ പെട്ട ഒരു മുതിർന്ന വ്യക്തിയുമായി ശാരീരികമായോ അല്ലാതെയോ ലൈംഗിക ആകർഷണം പ്രബലമായി ഉണ്ടാകുമ്പോൾ ആണ് സ്വവർഗ്ഗാനുരാഗിയാണ് ഒരാൾ എന്ന് സംശയിക്കുന്നത്. ഒരു വ്യക്തി, സ്വവർഗ്ഗാനുരാഗിയാകുന്നത് പല രീതികളിലാണ്. സ്ഥിരമായി അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ (social), ചില പ്രത്യേക കൂട്ടുകെട്ടലുകൾ അതിനെ പ്രോത്സാഹിപ്പിക്കുമ്പോൾ (habitual), ചെറുപ്പത്തിൽ ആരെങ്കിലും അങ്ങനെയുള്ള കാര്യങ്ങളിലേയ്ക്ക് ഒരാളെ ഉപയോഗിച്ചാൽ (psycho-pathological) എന്നിങ്ങനെ. ഇങ്ങനെയുള്ള വ്യക്തികൾക്ക് നല്ല കൗൺസലിംഗ് അല്ലെങ്കിൽ നല്ല ജീവിത സാഹചര്യങ്ങൾ, ശരിയായ ബോധ്യങ്ങൾ എന്നിവ കിട്ടിയാൽ അയാൾക്കു normal ആയി ജീവിക്കാൻ സാധിക്കും. എന്നാൽ വളരെ അപൂർവം ചിലരിൽ homophilia, homotropic, homogenital homo erotic nature എന്നിവ വഴി ചില developmental പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണമാകാം എന്നു തെളിഞ്ഞിട്ടുണ്ട്. Neuralogical, hormonal, genetic, anatomical എന്നീ കാരണങ്ങൾ കൊണ്ടാവാം ഇവയെന്ന് കരുതപ്പെടുന്നു. ചെറുപ്പം മുതൽ homosexual tendency കാണിക്കുന്ന കുട്ടികളെ ചില പരിശോധനകൾക്ക് വിധേയമാക്കാം. Visospatical skills, finger length ratio, auto aquistic, capacity എന്നിവയിലൂടെ അവരുടെ orientation മനസ്സിലാക്കാം. വളരെ അപൂർവം പേർ മാത്രമാണ് Radical homosexual എന്ന ഗ്രൂപ്പിൽ വരുന്നവർ. അവരെ ശ്രദ്ധാപൂർവം പരിഗണിച്ച് വേണ്ട കൃത്യമായ ഇടപെടലുകൾ വരുത്തേണ്ടതാണ്. സഭയുടെ പഠനങ്ങളിൽ homosexual orientation ഒരു പാപമല്ല, മറിച്ച് homosexual practice ആകുമ്പോൾ

അത് പാപമായിത്തീരുന്നു. Short tempered ആണെന്നു കരുതി ഒരാൾ തെറ്റുകാരനാവുന്നില്ല. എന്നാൽ അവസരം വന്നാൽ ദേഷ്യത്തോടെ പെരുമാറിയാൽ അത് തെറ്റായിത്തീരാം എന്ന പോലെ.

ലൈംഗികത ദൈവത്തിന്റെ വലിയ ദാനമാണ്; എന്നാൽ അത് വെറും lustful concupiscent മനസ്സോടെ കണ്ടാൽ തെറ്റാകും. അത് അപരനെ ഒരു വസ്തുവായി മാത്രം കാണും (object of pleasure). സഭയുടെ പഠനമനുസരിച്ച്, homo-sexual, transexual, transgender എന്നിവ വ്യത്യസ്തമായ സാഹചര്യങ്ങളാണ്. അവ ഒരിക്കലും ഒരേ കാര്യമല്ല.

Homosexual :
ശാരീരികമായി കൃത്യമായി സ്ത്രീയും പുരുഷനുമാണ്; അതേ സമയം ആഭിമുഖ്യം പുരുഷൻ പുരുഷനോടും സ്ത്രീ സ്ത്രീയോടും ആണ്.

Transgender :
ശാരീരികമായി സ്ത്രീയും പുരുഷനുമാണെങ്കിലും മാനസികമായി transexuals; അത് അംഗീകരിക്കാനാവാത്ത അവസ്ഥ (gender crisis). ഇങ്ങനെയുള്ള ആളുകൾ വലിയ റിസ്ക് എടുത്ത് biological sex change ചെയ്യാനുള്ള ചികിത്സകൾ തേടിയേക്കാം. അതൊടൊപ്പം ഹോർമോൺ ചികിത്സയിലൂടെ ശാരീരികമായ പ്രത്യേകതകൾ മാറ്റാൻ ശ്രമിക്കും. വളരെയധികം വിലകൂടിയ മരുന്നുകളും വേദനാജനകമായ operation ലൂടെയും കടന്നുപോയി ജീവിതകാലം മുഴുവൻ hormone treatment എടുത്ത് ജീവിക്കുന്നത് ഒരിക്കലും ഉപകാരപ്രദമാവില്ല മറിച്ച് ഭാരമായി ഭവിക്കും.

"അനന്ത മാഹാത്മ്യം" കൃത്യമായി പഠിപ്പിക്കുന്ന കാര്യം ഇങ്ങനെയാണ്: ലിംഗ മാറ്റത്തിനായുള്ള ഏതുതരം ശസ്ത്രക്രിയയും ഒരു വ്യക്തിക്ക് ലഭ്യമായ അനിതരസാധാരണമായ മാഹാത്മ്യം അപകടപ്പെടുത്തുന്നു (60). എന്നാൽ inter sex വിഭാഗത്തിൽ ഉണ്ടാകുന്ന അവസ്ഥ വ്യത്യസ്തമാണ്. ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ഉള്ള സമയത്തുണ്ടാകുന്ന വളർച്ചാവൈകല്യം മൂലം ലിംഗഭേദം കൃത്യമായി നടക്കാത്ത അവസ്ഥയാണ് അത്.

സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികാവയവങ്ങളോടെ ജനിക്കുന്ന അവസ്ഥ (hermaphrodistic nature). ഇങ്ങനെയുള്ള കുട്ടികൾക്ക് ആവശ്യമായ ചികിത്സ നൽകി ഏതെങ്കിലും ഒരു sexual identity യിൽ വളർത്തിക്കൊണ്ടുവരണം; ചികിത്സ കിട്ടാതെ പോകുന്നവർ സമൂഹത്തിൽ ഒത്തിരി ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അവരെ സഹാനുഭൂതിയോടെ പരിഗണിക്കുകയും integrate ചെയ്യുകയും അത്യാവശ്യമാണ്. ക്രമരഹിതമായ എല്ലാ ശാരീരികവും ലൈംഗികവുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. അതിന് സഭ ഒരിക്കലും തടസ്സം നില്ക്കുന്നില്ല (DI 60). Therapeutic interventions അഥവാ ശാരീരികമായ ചികിത്സാപരമായ ഏതൊരു ബുദ്ധിമുട്ടും ധാർമികമായി അംഗീകരിക്കാവുന്നതാണ്.

Gay culture ന്റെ അഥവാ LGBTQA+ ഗ്രൂപ്പിന്റെ ശക്തമായ ശ്രമഫലമായി sexual deviation എന്ന List ൽ ഉൾപ്പെട്ട കാര്യമായ homosexuality പോലും ഇന്ന് "Minority Varient of Normal Sexual Orientation" എന്ന് തിരുത്തപ്പെട്ടിരിക്കുന്നു. American Psychatric Association ആണ് ഈ പുതിയ തിരുത്തലുകൾ നൽകിയിരിക്കുന്നത് (1973). ലിംഗസിദ്ധാന്തം ഉയർത്തിപ്പിടിക്കുന്നവർ എത്ര ശക്തരായാലും അവരുടെ കൂടെ ചേർന്നിരിക്കുന്നവർ അത്ര അപകടകാരിയായാലും സഭയുടെ നിലപാട് ആസക്തികളുടെ ഇരുണ്ട വലകളെ തകർക്കുകതന്നെ ചെയ്യും.

ഇന്ന് Pride flagകൾക്ക് കീഴിൽ അണിചേർന്നിരിക്കുന്ന ഗ്രൂപ്പുകളെ കണ്ടാൽ നമ്മൾ അറയ്ക്കും: Gay, Lesbians, Bisexuals, Transgender, Queer, Asexual, Intersex, Androgyne, Pansexual, Nuetrons, Bigender, non Binary, Travesti, Demigirl, Demiboy. അതുപോലെ അവരോടൊപ്പം സാത്താൻ സേവക്കാരും, self -worship group കളായ Tzeentch, Khorne, Helboy, Pangender, Epicene, Nurgle, Gender void, Chaos undivided, Slanesh, Butch, Necron തുടങ്ങിയവ. വലിയ network കളായി ഇവ ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗ്രൂപ്പുകൾ സഭയ്ക്കും വിശ്വാസത്തിനുമെതിരെയാണെന്നതിന് ഒരു സംശയവുമില്ല. Self

- exaltation, Self - assertive സ്വഭാവമുള്ള organization നെയാണ് Pride ഗ്രൂപ്പുകൾ എന്ന് വിളിക്കുന്നത്. വിശ്വാസത്തിനെതിരെ പോകാനും Unbelief, Apostasy, Heresy, Schism എന്നീ മാരകപാപങ്ങൾക്കടിമപ്പെടാനും secularistic മനസ്സോടെ പൂർണമായും autonomous ആയും self- sufficient ആയി ജീവിക്കാനും ഈ ഗ്രൂപ്പുകളിലേക്ക് വരുന്നവർ നിർബന്ധിതരായിത്തീരുന്നു. ഇക്കൂട്ടർ തങ്ങൾ ഇച്ഛിക്കുന്ന ഏതുകാര്യവും നേടിയെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട് എന്ന് വിശ്വസിക്കുന്നവരാണ്. അതിനുവേണ്ടി ഏതറ്റംവരെ പോകാനും അവർ മടിക്കില്ല. എങ്കിലും സഭ പഠിപ്പിക്കുന്നതനുസരിച്ച് ലൈംഗിക ആഭിമുഖ്യം കണക്കിലെടുക്കാതെ തന്നെ ഓരോ വ്യക്തിയുടെയും മാഹാത്മ്യത്തിനൊത്ത് ബഹുമാനിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും വേണം (D1 55). വ്യക്തികളുടെ ജീവിതസാഹചര്യങ്ങൾ നിഷേധിക്കുന്നത് മാനുഷിക മാഹാത്മ്യത്തിന് വിരുദ്ധമായ നിലപാടാണ് (D1 55).

ജീവശാസ്ത്രപരമായ ലൈംഗികതയും (Biological sex) സാമൂഹിക-സാംസ്കാരികമായ തലത്തിലെ ലൈംഗികതയും (Socio-cultural role of sex) തമ്മിൽ വേർപെടുത്താനാവില്ല (D1 59). അതോടൊപ്പം തന്നെ വിശ്വാസ പ്രബോധന മന്ത്രാലയം പഠിപ്പിക്കുന്നു; "പുരുഷനും സ്ത്രീയും തമ്മിലുള്ള ഒഴിവാക്കാനാവാത്ത ലൈംഗിക വ്യത്യാസം തമസ്കരിക്കാനുള്ള എല്ലാ ശ്രമങ്ങളും തിരസ്കരിക്കേണ്ടതാണ്" (D1 59). പുരുഷനും സ്ത്രീക്കും തുല്യ അധികാരങ്ങളാണ് സമൂഹത്തിൽ ഉള്ളത് എന്നാൽ അവർ unequally original ആണെന്ന് സഭയുടെ Personalist ധാർമികത നമ്മെ ഓർമപ്പെടുത്തുന്നു. സൃഷ്ടിക്കപ്പെട്ട രീതിയിൽ ഓരോ വ്യക്തിയെയും ആദരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ് എങ്കിലും സൃഷ്ടിക്കപ്പെട്ടതിന് ശേഷം സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്ത് ശരീരത്തിനോടും മനസ്സിനോടും എന്തും ആകാം എന്ന് വിചാരിച്ചു ചെയ്യുന്ന masturbation, pedophilia, sadism, masochism, fetishism, zoophilia, necrophilia, exhibitionism, voyeurism, scopohilia, frotteurism, transvestim, transexualism എന്നീ പ്രവൃത്തികൾ കടുത്ത ധാർമികാ

പചയത്തിലേക്ക് വ്യക്തികളെ കൊണ്ടെത്തിക്കും.

"Life is a gift it is not a right" എന്ന് പറയാറുണ്ട്. നമുക്ക് ലഭിച്ച ശരീരം വലിയൊരു ദാനമായി, സമ്മാനമായി സ്വീകരിച്ച് അതിന്റെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകാൻ നമുക്ക് സാധിക്കട്ടെ.

## 2. വാടകഗർഭധാരണം

(Surrogacy)

ഇപ്പോൾ വളരെ കേട്ടുകൊണ്ടിരിക്കുന്ന, പ്രത്യേകിച്ച് സാധാരണ രീതിയിൽ കുട്ടികൾ ഉണ്ടാവാത്ത ഭാര്യയും ഭർത്താവും ആകാംഷയോടെ കേൾക്കുകയും ഒന്നു ശ്രമിച്ചുനോക്കിയാലോ എന്ന് ചിന്തിക്കുന്ന കാര്യമാണ് IVF (Invitro Fertilization) അഥവാ മനുഷ്യശരീരത്തിന് പുറത്ത് വച്ച് സംയോജിപ്പിച്ച ഭ്രൂണത്തെ അമ്മയുടെ തന്നെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് വളർത്തി കൊണ്ടുവരുക. രണ്ടാമത്തെ method ആണ് Surrogacy അഥവാ വാടകഗർഭധാരണം. ഭാര്യയ്ക്ക് ഗർഭധാരണം സാധിക്കാത്ത അവസരത്തിൽ ഭ്രൂണത്തെ മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് വാടകകൊടുത്ത് വളർത്തി വാങ്ങുന്ന രീതി. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഏർപ്പെടുന്നവർ മറന്നുപോകുന്ന ഒരു കാര്യമുണ്ട്. ഒരു കുഞ്ഞ് മാതാപിതാക്കൾക്ക് ലഭിക്കുന്ന അമൂല്യമായ ഒരു നിധിയാണ് അത് object of pleasure അഥവാ നേടിയെടുക്കാനും സ്വന്തമാക്കാനുമുള്ള ഒരു വസ്തുവല്ല.

വാടകഗർഭധാരണംമൂലം അളക്കാൻ ആവാത്ത മൂല്യമുള്ള ഒരു ശിശു കേവലം ഒരു വസ്തുവായി തീരുന്നു, അതോടൊപ്പം ഒരു വ്യാപാരവസ്തുവായി തീരുകയും ചെയ്യുന്നു (DI 48). അതോടൊപ്പം ഒരു അമ്മയുടെ ഒരുക്കവും കഠിനാധ്വാനവും ഒരു കുഞ്ഞിനെ ഈ ലോകത്തിന് നല്കുന്നതിന് ഉള്ള സഹനവുമൊക്കെ പണത്തിന് വഴിമാറുന്നു. വാടകയ്ക്ക് കുഞ്ഞിനെ ചുമക്കുന്ന സ്ത്രീ ഒരു hatcheryയോ ഒരു incubator ഒക്കെയായി മാറുന്നു. ഒരു സ്ത്രീയുടെയും കുഞ്ഞിന്റെയും മാഹാത്മ്യം ഗൗരവമായ രീതിയിൽ ധ്വംസിക്കുന്ന ഒന്നാണ് വാടകഗർഭധാരണം (DI 48). ഒരു ശിശുവിന് മാനുഷികമായ ഉത്ഭവത്തിനും മാതാപിതാ

ക്കളുടെ മാഹാത്മ്യം പ്രകാശിപ്പിക്കുന്ന ജീവന്റെ ദാനം സ്വീകരിക്കാനുള്ള അവകാശമുണ്ട് (DI 49).

## 3. ഭ്രൂണഹത്യ

മനുഷ്യനെതിരെ ചെയ്യാവുന്ന കുറ്റങ്ങളിൽ ഏറ്റവും ഗൗരവമുള്ളതും അപലപനീയവുമാണ് ഗർഭ ചിദ്രം അഥവാ ഭ്രൂണഹത്യ (DI 47). പ്രത്യേകിച്ച് ഇന്ത്യയിൽ 2021 ലെ MTP Act (Medical Termination of Pregnancy Act) പ്രകാരം 24 ആഴ്ച പ്രായമുള്ള കുഞ്ഞിനെ വരെ ഡോക്ടറുടെ certification ഉണ്ടെങ്കിൽ കൊന്നുകളയാം എന്ന നിയമം പ്രാബല്യത്തിലുണ്ട്. അതു മൂലം ഒരു വർഷം ശരാശരി ഒമ്പത് ലക്ഷം കുഞ്ഞുങ്ങൾ ദയനീയമായി കൊലചെയ്യപ്പെടുന്നു എന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നത് മുതൽ അത് മറ്റൊരു വ്യക്തിയാണ്. കുഞ്ഞ് ഒരിക്കലും അമ്മയുടെ ശരീരത്തിന്റെ ഭാഗമല്ല. ഓരോ കുഞ്ഞിനും വ്യത്യസ്തമായ autonomous nervous system, blood group, biological and genetical identify എന്നിവ ഉണ്ട്. അമ്മയുടെ സംരക്ഷണം കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും പ്രധാനപ്പെട്ടതാണ് (Evangelium Vitae 60). വിശ്വാസ പ്രബോധന മന്ത്രാലയത്തിന്റെ Donum Vitae എന്ന പ്രമാണരേഖ ഇക്കാര്യങ്ങൾ കൂടുതലായി വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗർഭച്ഛിദ്രം ചെയ്ത അമ്മമാർ ജീവിതകാലം മുഴുവനും അതിന്റെ മാനസികാഘാതം പേറി നടക്കുന്നു.

എന്നാൽ അമ്മയുടെ ഉദരത്തിലെ ക്രമരഹിതമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. കുഞ്ഞിന്റെയും അമ്മയുടെയും ജീവന് ഭീഷണിയായ പ്രശ്നങ്ങൾ വന്നാൽ (ectopic pregnancy, cancer etc) അതിന് ചികിത്സ ആവശ്യമാണ്. ഏത് ചികിത്സ ചെയ്താലും good effect is intended but a bad effect is forseen (prinicple of double effect). അജാത ശിശുക്കൾ നമ്മുടെയിടയിൽ ഒട്ടും സുരക്ഷിതരല്ലാത്തവരും നിഷ്കളങ്കരുമാണ്. അവരുടെ മാനുഷിക മാഹാത്മ്യം നിഷേധിക്കരുത് (DI 47). മാതാപിതാക്കന്മാരോട് പറയാനുള്ളത് "find a way not an excuse". പലപ്പോഴും unwanted, unexpected, rape victim ആയ കുട്ടികളെ നല്ലതാക്കാൻ ശ്രമിക്കാ

റുണ്ട്. ഇതിനൊക്കെ സഭയുടെ നിലപാട് നിങ്ങളുടെ തെറ്റുകൾക്കും മറ്റുള്ളവരുടെ തെറ്റുകൾക്കും victim ആകുന്നത് കുഞ്ഞ് തന്നെ യാണ്. ഒരു തെറ്റിന്റെ ആഘാതം മറയ്ക്കാൻ അതിലും വലിയ ഒരു തെറ്റ് ചെയ്യുന്നത് ധാർമ്മികമായി ഒരിക്കലും ന്യായീകരിക്കാനാ വില്ല.

### 4.ക്ഷോഭജനകമായ ദാരിദ്ര്യം (Extreme Poverty)

വളരെ കുറച്ചു പേരാണ് സമ്പ ത്തിന്റെ ഭൂരിഭാഗവും കയ്യടക്കി വച്ചിട്ടുള്ളത്. ഏതാണ്ട് ഒന്നും സ്വന്തമായിട്ടില്ലാത്തവരും അനേകം പേരുണ്ട്. (DI 36) എല്ലാം വാങ്ങിച്ചു കൂട്ടുക, എല്ലാം വെട്ടി പ്പിടിക്കുക എന്ന മനോഭാവം മാറ്റേണ്ടത് വളരെ ആവശ്യമാണ് (ലൂക്കാ 12, 15). സമ്പത്തും സ്വത്തു വകകളും വർദ്ധിച്ചിട്ടുണ്ട്. അതോ ടൊപ്പം അസമത്വവും വർദ്ധിച്ചി ട്ടുണ്ട്. ദാരിദ്ര്യത്തിന്റെ പുതിയ രൂപഭാവങ്ങൾ പുതിയ ലോകത്തു ണ്ടായിക്കൊണ്ടിരിക്കുന്നു. Digital Poverty, പാരിസ്ഥിതിക ദാരിദ്രം, ആരോഗ്യ ദാരിദ്ര്യം തുട ങ്ങിയവയ്ക്ക് നമ്മെ വിട്ടുകൊടു ക്കരുത്. പണത്തിന് മാത്രം അവ കാശമുള്ള ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നതെന്ന് പല പ്പോഴും തോന്നിപ്പോകുന്നു. (DI 41) ഏതൊരു ചെറിയ തൊഴിലാണെ ങ്കിലും ബഹുമാനത്തോടെ കാണണം. തൊഴിലും തൊഴി ലിന്റെ മാഹാത്മ്യവും എടുത്തു കളയുന്നതിനേക്കാൾ വലിയ ദാരിദ്ര്യം വേറെ ഇല്ല (DI 37). Sexual poverty കാരണം ലൈംഗിക അതിക്രമങ്ങളിലേയ്ക്കും അതു മൂലമുള്ള ഉണങ്ങാത്ത മുറിവു മായി ജീവിക്കുന്നവർക്കും കുറ വില്ല. Equality, Equity എന്ന തൊക്കെ reality യിൽനിന്ന് വളരെ ദൂരെയാണ്.

### 5. യുദ്ധം (War)

യുദ്ധം മനുഷ്യരാശിയുടെ പരാജ യമാണ്. ജീവന്റെ വിലയേക്കാൾ ഉപരിയല്ല യുദ്ധത്തിന്റെ മൂല്യം (DI 38). ഇന്നും ഉണങ്ങാത്ത മുറിവും മായ്ക്കാനാവാത്ത വേദനയുമായി ലോകം മുഴുവൻ എത്ര ആയിരം ആളുകൾ ജീവി ക്കുന്നു. യുദ്ധം മനുഷ്യരും മനുഷ്യ രാശിക്കും വിനാശം മാത്രമേ സമ്മാനിയ്ക്കൂ.

## 6. കുടിയേറ്റക്കാരുടെ ദുരവസ്ഥ

വിവിധതരം ദാരിദ്ര്യത്തിന്റെ ഇരകളാണ് കുടിയേറ്റക്കാർ (DI 40). സ്വന്തമായുള്ളതെല്ലാംവിട്ട് ജീവനും കൈയ്യിൽ പിടിച്ച് പോകുന്ന അനേകം ആളുകൾ കയറിയ ഒരു ബോട്ടിന്റെ രൂപം വത്തിക്കാൻ ചത്വരത്തിൽ ഉണ്ട്. Angels Unawares എന്നാണ് ഈ bronze-ൽ തീർത്ത രൂപത്തിന്റെ പേര്. Timothy Schmatz-ന്റെ കലാസൃഷ്ടി സെപ്റ്റംബർ 29, 2019 ന് 105-ാമത്തെ കുടിയേറ്റ ദിനമായി ആചരിച്ചതിന്റെ ഭാഗമായാണ് അത് അവിടെ സ്ഥാപിച്ചത്.

## 7. ദയാവധവും തുണയ്ക്കപ്പെട്ട ആത്മഹത്യയും

ഒരു രോഗിയുടെയും മാഹാത്മ്യം കുറയ്ക്കാൻ രോഗത്തിനോ സഹനത്തിനോ ആവില്ല (DI 51). മറ്റൊരാളുടെ ജീവന് നൽകുന്ന ആദരം നമ്മുടെതന്നെ ജീവന് നൽകുന്ന ആദരത്തിന് തുല്യമാണ് (DI 52). നമ്മളോരോരുത്തരും ദൈവത്താൽ സ്നേഹിക്കപ്പെട്ടിരിക്കുന്നു എന്ന ഒറ്റക്കാരണത്താൽ മഹത്വീകരിക്കപ്പെടുന്നു. ബലഹീനരും വൈകല്യമുള്ളവരെയും പരിക്ഷീണിതരായവരെയും സഭയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ ഉൾചേർക്കണം (DI 53). Ordinary treatment നിർബന്ധമാണ്. Extra-ordinary ആയ ചികിത്സാരീതികൾ വേണമെങ്കിൽ മാത്രം ചെയ്താൽ മതിയാകും. എന്നാൽ Non-proportional ചികിത്സാരീതികൾ ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റാത്തവയാണ്. മരണം ഒരിക്കലും ഒരു right അല്ല. അത് എല്ലാ right ന്റെയും അവസാനമാണ്; അതുകൊണ്ട് ആർക്കും അത് തിരഞ്ഞെടുക്കാനുള്ള അവകാശമില്ല. നമുക്ക് ആവശ്യം നല്ല Palliative care centre ആണ്. More than culture of cure we need a culture of care. രണ്ട് വാക്കുകളാണ് നമ്മുടെ മനസ്സിൽ വരേണ്ടത്: responsible closeness and disintersted charity.

*

# കാർബൺ ന്യൂട്രാലിറ്റിയും
## കത്തോലിക്കാ സഭയും



പ്രൊഫ. അഗസ്റ്റിൻ ചേന്നാട്ട്

സസ്യജന്തുജാലങ്ങളും മനുഷ്യരും ഹൃദയൈക്യത്തിൽ ജീവിച്ച ഇടമായിരുന്നു പറുദീസ. എന്നാൽ മനുഷ്യന്റെ സ്വാർത്ഥതയും അഹങ്കാരവും ഈ ഐക്യം നഷ്ടമാക്കി. പറുദീസായിൽ പിതാവായ ദൈവം സ്ഥാപിച്ച ഈ ഐക്യത്തിലേക്ക് സൃഷ്ടപ്രപഞ്ചത്തെ തിരികെ കൊണ്ടുവരാൻ ദാഹിച്ചവനാണ് ഈശോ. എന്നിരുന്നാലും, ഈ സാർവത്രിക സ്നേഹ സന്ദേശത്തെ മറന്ന് സൃഷ്ട പ്രപഞ്ചത്തെ നശിപ്പിക്കാനും ചൂഷണം ചെയ്യാനും മനുഷ്യൻ ഇന്നും ശ്രമിക്കുന്നു. ഇവയുടെ അനന്തരഫലമാണ് കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും.

ഐക്യരാഷ്ട്ര സംഘടന (UNFCC) യുടെ നേതൃത്വത്തിൽ ലോകരാഷ്ട്രങ്ങൾ പഠന വിഷയ



മാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങളാണിവ. ഇവയ്ക്ക് പരിഹാരമായി ഓരോ ജനസമൂഹവും പിന്തുടരേണ്ട പരിസ്ഥിതി സംരക്ഷണ ശീലങ്ങളും അവ നിർദേശിക്കുന്നുണ്ട്. 2023-ൽ ദുബായിൽ വെച്ച് നടന്ന COP 28 ഉച്ച കോടിയിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന "ശുദ്ധ ഊർജ്ജ"ത്തിലേക്ക് മാറുവാൻ ലോകരാഷ്ട്രങ്ങളെ ആഹ്വാനം ചെയ്യുന്നുണ്ട്.

## കാർബൺ ന്യൂട്രാലിറ്റി

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ് കാർബൺ ഡൈഓക്സൈഡിന്റെ ($Co_2$) ഉദ്ഗമനം. $Co_2$, മറ്റ് ഹരിത ഗൃഹ വാതകങ്ങൾ (GHG), സൗര വികീരണത്തിൽ കുടുങ്ങി ഭൂമിയുടെ ഉപരിതലത്തെ ചൂടാക്കുന്നു. ഇത് ആഗോളതാപനത്തിലേക്ക് നയിക്കും. അവയുടെ പ്രത്യാഘാതങ്ങൾ വിനാശകരമായേക്കാം. കൂടുതൽ ഇടയ്ക്കിടെയുള്ള കഠിനമായ വരൾച്ചകൾ, കൊടുങ്കാറ്റുകൾ, ഉഷ്ണ തരംഗങ്ങൾ, സമുദ്രനിരപ്പിന്റെ ഉയർച്ച, കാലാവസ്ഥ കുടിയേറ്റം എന്നിവ ആഗോളതാപനത്തിന്റെ ഫലമായി ഉണ്ടായേക്കാം. 2019 മെയ് മാസത്തിൽ അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിന്റെ സാന്ദ്രത 415 ppm എന്ന റെക്കോർഡ് നിലയിലെത്തി. ഇത് തുടർന്നാൽ മനുഷ്യനും ഭൂമിയും വളരെയധികം പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും. അതിനാൽ തന്നെ കാർബൺ ന്യൂട്രാലിറ്റിയിൽ എത്താൻ നാം പരിശ്രമിക്കണം.

അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന കാർബണിന്റെ അളവും കാർബൺ സിങ്കുകൾ (വനങ്ങൾ, സമുദ്രങ്ങൾ, കാർബൺ പിടിച്ചെടുക്കുന്നതിനും സംഭരണത്തിനും ഉള്ള മറ്റു മാർഗങ്ങൾ) ആഗിരണം ചെയ്ത് സംഭരിക്കുന്ന അളവും തമ്മിലുള്ള സന്തുലിതാവസ്ഥയാണ് കാർബൺ ന്യൂട്രാലിറ്റി. അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ഹരിതഗൃഹ വാതകങ്ങളുടെ ആകെ അളവ് നീക്കം ചെയ്യപ്പെടുന്ന അളവിന് തുല്യമാകുമ്പോഴാണ് ഇത് കൈവരിക്കുന്നത്.


2050-ഓടെ കാർബൺ ന്യൂട്രാലിറ്റിയിൽ എത്താനും ആഗോളതാപനം 1.5°C ആയി പരിമിതപ്പെടു

ത്താനും കഴിയും എന്ന് കാലാവസ്ഥ വ്യതിയാനത്തെ കുറിച്ചുള്ള ഇന്റർ ഗവൺമെന്റ് പാനലിലെ (IPCC) വിദഗ്ധരുടെ സംഘം അവകാശപ്പെടുന്നു. ഫോട്ടോസിന്തസിസ് പ്രക്രിയയിലൂടെ കാർബൺ സിങ്കുകൾക്ക് (വനങ്ങൾ, സസ്യങ്ങൾ) ആകിരണം ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ $Co_2$ പുറന്തള്ളാതിരിക്കുന്നതാണ് കാർബൺ ന്യൂട്രാലിറ്റിയിൽ എത്തിച്ചേരാനുള്ള ഏറ്റവും മികച്ച മാർഗ്ഗം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സാമൂഹികവും രാഷ്ട്രീയവുമായ മാറ്റങ്ങൾ ആവശ്യമാണെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.


## പ്രകൃതിയും തിരുസഭയും


സൃഷ്ട പ്രപഞ്ചത്തിന്റെ മേൽ എന്നും കരുതലുള്ളവളാണ് തിരുസഭ. പ്രകൃതി സംരക്ഷണത്തിന് ആയുള്ള വിവിധ പ്രബോധനങ്ങളും പരിശ്രമങ്ങളും സഭയുടെ ഭാഗത്തുനിന്ന് എപ്പോഴുമുണ്ട്.

'Centesimus Annus' എന്ന ചാക്രിക ലേഖനത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർ




പാപ്പ, പ്രകൃതി ദൈവത്തിൽ നിന്നുള്ള ദാനമാണെന്നും പരിസ്ഥിതിയുടെ ശരിയായ രീതിയിലുള്ള അഭിവൃദ്ധി പ്രോത്സാഹിപ്പിക്കുന്നതിൽ മനുഷ്യർ ദൈവവുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും എഴുതി (CA 37). ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ കാലത്തും ഈ പ്രബോധനങ്ങൾ തുടർന്നു. Caritas in Vitae എന്ന ചാക്രിക ലേഖനത്തിൽ അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട് മനുഷ്യ പരിസ്ഥിതിയുടെ ശ്രദ്ധ പ്രകൃതി പരിസ്ഥിതിയുടെ പ്രതിരോധത്തെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന്.




കത്തോലിക്കാ ദൈവശാസ്ത്രത്തിൽ ശക്തമായ പരിസ്ഥിതി സംരക്ഷണം കൊണ്ടുവരാൻ ഫ്രാൻസിസ് മാർപാപ്പയുടെ *Laudato Si'* എന്ന ചാക്രികലേഖനത്തിന് കഴിഞ്ഞു. വിശ്വാസികൾക്ക് പരിസ്ഥിതി അനുകൂലമായി സംസാരിക്കാനും പ്രവർത്തിക്കാനും LS വഴി സാധിച്ചു. നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കുവാനും, വേഗത്തിൽ ഉള്ളതും ഏകീകൃതവുമായ ആഗോള നടപടി സ്വീകരിക്കുവാനും പാപ്പ ആഹ്വാനം ചെയ്യുന്നു.

6 അധ്യായങ്ങളായി തിരിച്ചിരിക്കുന്ന ഈ ചാക്രിക ലേഖനം, ഭൂമിയെ നമ്മുടെ പൊതു ഭവനമായി അവതരിപ്പിക്കുകയും, സൃഷ്ടിയുടെ സുവിശേഷത്തെ പറ്റി വിവരിക്കുകയും, പാരിസ്ഥിതിക പ്രതിസന്ധിയിലെ മനുഷ്യ വേരുകളെപറ്റി വിശകലനം ചെയ്യുകയും, പാരിസ്ഥിതിക വിജ്ഞാനീയപരമായ വിദ്യാഭ്യാസവും ആത്മീയതയും മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നു. നമ്മുടെ ഭൂമിക്ക് വേണ്ടിയുള്ള ഒരു പ്രാർത്ഥനയും, സൃഷ്ടികളോട് ചേർന്ന് ഒരു ക്രൈസ്തവ പ്രാർത്ഥനയും ഈ ചാക്രിക ലേഖനത്തിൽ പാപ്പ ചേർത്തിട്ടുണ്ട് ഈ ചാക്രിക ലേഖനത്തിന്റെ പശ്ചാത്തലത്തിൽ, *Laudato Si* Action Platform എന്ന പേരിൽ, സമഗ്രമാനവ വികസനം പ്രോത്സാ

ഹിപ്പിക്കുന്നതിനുള്ള വത്തിക്കാൻ ഡികാസ്റ്ററി ഒരു സംരംഭം ആരംഭിച്ച് നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിനുള്ള ശക്തമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

*Laudato Si'*ക്ക് 8 വർഷങ്ങൾക്കുശേഷം 2023ൽ കാലാവസ്ഥാ വ്യതിയാനത്തെ മുൻനിർത്തി ഫ്രാൻസിസ് മാർപാപ്പ രചിച്ച അപ്പസ്തോലിക പ്രബോധനം ആണ് *Laudato Deum*. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകമെമ്പാടും പ്രത്യേകിച്ച് ദരിദ്രർ അനുഭവിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിനൊപ്പം ജൈവ വൈവിധ്യ നഷ്ടവും സംഭവിക്കുന്നുണ്ട്. ആഗോള കാലാവസ്ഥാ പ്രതിസന്ധിയെക്കുറിച്ചും, സാങ്കേതിക മാതൃകകളെപ്പറ്റിയും, അന്താരാഷ്ട്ര രാഷ്ട്രീയത്തിന്റെ ബലഹീനതകൾ, ഇന്നുവരെ നടന്ന വിവിധ കാലാവസ്ഥാ സമ്മേളനങ്ങൾ എന്നിവയെപ്പറ്റിയും ഫ്രാൻസിസ് പാപ്പ ഇവിടെ പ്രതിപാദിക്കുന്നു.

ഇവയുടെ എല്ലാം അടിസ്ഥാനത്തിൽ, ലോകജനത ഒരു കാലാവസ്ഥാ അടിയന്തരാവസ്ഥയിലൂടെ കടന്നുപോകുമ്പോൾ അത് ലഘൂകരിക്കുന്നതിനും അതിജീവിക്കുന്നതിനും ലോക രാഷ്ട്രങ്ങളോടൊപ്പം സഭയും സുപ്രധാനകൾ എടുക്കുന്നു

## ഭാരതസഭയും കാർബൺ ന്യൂട്രൽ ഇടവകകളും

കെ.സി.ബി.സിയുടെ ജെ.പി.ഡി കമ്മീഷൻ 2024 ഏപ്രിൽ 3, 4 തീയതികളിൽ കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നും പ്രതിനിധികളെയും പരിസ്ഥിതി വിദഗ്ധരെയും ഉൾപ്പെടുത്തി നടത്തിയ ശില്പശാല ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുകയും പഠിക്കുകയും ക്രിയാത്മകമായ ചില പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 2024 ജൂൺ മാസത്തിലെ കെ.സി.ബി.സി, ഈ നിർദ്ദേശങ്ങളെ 2012ൽ തന്നെ കെ.സി.ബി.സി പ്രസിദ്ധീകരിച്ചിട്ടുള്ള 'പച്ചയായ പുൽത്തകിടിയിലേക്ക്' എന്ന പരിസ്ഥിതി സംരക്ഷണ-നയരേഖയുമായി കോർത്തിണക്കുവാനും നിർദ്ദേശിച്ചു. 2025-ൽ *Laudato Si* യുടെ പത്താം വാർഷികാഘോഷത്തിന്റെയും ആഗോള സഭയുടെ

മഹാ ജൂബിലിയോട് അനുബന്ധി ച്ചുള്ള കേരളസഭാ നവീകരണത്തി ന്റെയും ഭാഗമായി, കേരളസഭ ഒന്നാകെ സംസ്ഥാനതലത്തിലും, രൂപത, ഇടവക തലങ്ങളിലും, സഭാ സ്ഥാപനങ്ങളിലും, കുടുംബ ങ്ങളിലും, ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കി സഭയുടെ ഹരിത ശീല പ്രയത്നങ്ങളെ നമുക്ക് ശക്തിപ്പെടുത്താമെന്ന് കെ സി ബി സി ആഹ്വാനം ചെയ്തു

## രണ്ട് തലങ്ങളായി ഈ പ്രവർത്തനങ്ങളെ നമുക്ക് മുന്നോട്ടു കൊണ്ടുപോകാം.

### 1. ബോധവൽക്കരണ പ്രവർത്തനങ്ങൾ

കേരളത്തിന്റെ വ്യത്യസ്ത ഭൂപ്രകൃതിയും കാലാവസ്ഥയും അടിസ്ഥാനമാക്കി മലയോര- ഗ്രാമീണ പ്രദേശങ്ങളിലും, സമ തല- ഗ്രാമീണ പ്രദേശങ്ങളിലും, തീരദേശ മേഖലകളിലും, പട്ടണ പ്രദേശങ്ങളിലും വ്യത്യസ്ത രീതിയിലുള്ള പ്രവർത്തനങ്ങ ളാണ് ആവശ്യം. നമ്മുടെ ഇടവ കയെ ഹരിത ചട്ടങ്ങൾ പാലി ക്കുന്ന കാർബൺ ന്യൂട്രൽ ഇടവ കയും വീടുകളുമായി മാറ്റാൻ നാം പരിശ്രമിക്കണം. *Laudato Si'* Action Platform (LSAP) ൽ നമ്മുടെ ഇടവക അംഗമാവുകയും, തുടർ പ്രവർത്തനങ്ങളുടെ ഭാഗമാവു കയും ചെയ്യുക. ഒപ്പം ഇടവക യിൽ ഗ്രീൻ ഓഡിറ്റ് നടത്തു വാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുക.ഇടവകയിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഒരു ആശയ സമന്വയം ആദ്യമേ വേണം. നമ്മുടെ ഇടവക കാർ ബൺ ന്യൂട്രൽ പദവിയിലേക്ക് മാറുന്നതിന് ആവശ്യമായ ബോധ വൽക്കരണ പരിപാടികളും പരി ശീലനങ്ങളും 2024 ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള സമയത്ത് നാം സംഘടിപ്പിക്കണം.

### 2. പദ്ധതി നടപ്പാക്കൽ

#### 2.1 ഇടവക തലത്തിൽ

- ❑ ഇടവക തലത്തിൽ ഒരു പ്രകൃതി പരിപോഷണ സമിതി രൂപീകരി ക്കുക.
- ❑ പരിസ്ഥിതി ആത്മീയത വളർ ത്തുക.
- ❑ പൊതുഗതാഗതം പ്രോത്സാഹി പ്പിക്കുക.
- ❑ പ്രകൃതി സംരക്ഷണത്തിന് പ്രാധാന്യം സാമൂഹിക സാംസ്

കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ അവതരിപ്പിക്കുക.

- ❑ പൊതു സ്ഥലങ്ങൾ ശുചീകരിക്കുക.
- ❑ ഇടവക പള്ളിയും പരിസരവും പള്ളിമേടയും പ്രകൃതി സംരക്ഷണത്തിന്റെ മാതൃകകൾ ആക്കുക.
- ❑ ഹരിത കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- ❑ പ്ലാസ്റ്റിക് ഒഴിവാക്കുക.
- ❑ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ
- ❑ ഇടവകയിലെ വേദപാഠ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക.
- ❑ സോളാർ പാനലുകൾ സ്ഥാപിക്കുക.
- ❑ ഇടവകയുടെ വാർഷിക ബഡ്ജറ്റിൽ പ്രകൃതി സംരക്ഷണത്തിന് പണം വകയിരുത്തുക.
- ❑ ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം.

### 2.2 കുടുംബ തലത്തിൽ

- ❑ വൈദ്യുതിയും വെള്ളവും നിയന്ത്രിച്ചു ഉപയോഗിക്കുക.
- ❑ ബയോഗ്യാസ്, മഴവെള്ള സംഭരണികൾ, പരിസ്ഥിതി ജന്യ ഊർജ്ജസ്രോതസ്സുകൾ എന്നിവ ഉപയോഗിക്കുക.



- ജൈവകൃഷിയും മൃഗസംരക്ഷണവും പ്രോത്സാഹിപ്പിക്കുക.
- ജൈവമാലിന്യ സംസ്കരണ സംസ്കരണത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുക. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഹരിത കർമ്മസേനയെ ഏൽപ്പിക്കുക.

## ഉപസംഹാരം

ഇടവക തലത്തിൽ ഫ്രാൻസിസ് പാപ്പ മുന്നോട്ടുവയ്ക്കുന്ന കാത്തലിക് ഇന്റഗ്രൽ എക്കോളജി ആവിഷ്കരിക്കാൻ ഉതകുന്ന ചില നിർദ്ദേശങ്ങൾ ആണ് ഇവ. അവയുടെ വ്യവസ്ഥാപിതമായ പ്രാവർത്തികമാക്കലിലൂടെ സൃഷ്ട പ്രപഞ്ചത്തെ നമുക്ക് രക്ഷിക്കാൻ ആകും. ഇതോടൊപ്പം മറ്റ് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെയും പ്രകൃതി സംരക്ഷണ ശീലങ്ങളെ നമുക്ക് വളർത്തിയെടുക്കാൻ കഴിയും. സാമൂഹിക സംഘടനകളോടും രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും ചേർന്ന് സഭയ്ക്ക് ഈ നിർദ്ദേശങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ സാധിക്കും. ഓരോ ഇടവകയും അതതിന്റെ ഭൂപ്രദേശങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. ഇത് (ഭൂമി) നമ്മുടെ പൊതു ഇടമാണ്. ഈ ഇടം നഷ്ടമാകാതെ നോക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.



# ജെൻഡർ തിയറി: സഭയുടെ നിലപാടുകളിലെ
# തുറവിയും ഉറപ്പും



**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
(സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ)

കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകൾക്കിടയിൽ ആഗോള സമൂഹത്തിൽ വേരാഴ്ത്തിയ പുതുതലമുറ സിദ്ധാന്തമാണ് ജെൻഡർ തിയറി അഥവാ ലിംഗപദവി സിദ്ധാന്തം. ക്വീർ (QUEER) തിയറി എന്നും ഇത് അറിയപ്പെടുന്നു. ഈ സിദ്ധാന്തമാണ് 'LGBTQIA+' കമ്മ്യൂണിറ്റി എന്നറിയപ്പെടുന്ന ഭിന്ന ലൈംഗിക ആഭിമുഖ്യവാദികളുടെ ആശയ അടിത്തറ. 'LGBTQIA+' വിഭാഗങ്ങളിലെ 'Q' എന്ന അക്ഷരം 'Queer' എന്ന പദത്തിന്റെ ചുരുക്കമാണ്. വിചിത്രം, വിമതം എന്നൊക്കെ ഈ പദത്തിന് അർഥം കല്പിക്കാം. ഒരു



സിദ്ധാന്തം എന്ന നിലയിൽ ക്വീർ തിയറി പരമ്പരാഗത ലിംഗപദവി ആശയങ്ങൾക്ക് വിപരീതമായ നിലപാട് സ്വീകരിക്കുന്നു. ഒരു വ്യക്തിയുടെ ജൈവിക ലിംഗം (biological Sex) ലിംഗപദവിയുമായി (gender) ബന്ധപ്പെട്ട ഒന്നായിരിക്കണമെന്നോ അത് സ്ഥിരമായിരിക്കണമെന്നോ നിർബന്ധമില്ല; ലിംഗപദവി അഥവാ ജെൻഡർ എന്നത് കേവലമൊരു സമൂഹ നിർമ്മിതി മാത്രമാണ് എന്നിങ്ങനെയുള്ള ആശയങ്ങൾ ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ വാദിക്കുന്നു. പരമ്പരാഗതമായി നിലനിന്നുപോരുന്ന 'ജെൻഡർ' എന്ന ആശയം വ്യക്തിയുടെ അവകാശങ്ങളെ നിഷേധിക്കുന്നതാണെന്നും അത് പൊളിച്ചു പണിയേണ്ട ഒന്നാണെന്നുമാണ് അവരുടെ പക്ഷം. തന്റെ ലിംഗ പദവി സ്വയം നിശ്ചയിക്കാൻ ഏതൊരു വ്യക്തിക്കും അവകാശമുണ്ടായിരിക്കണമെന്നും ആ അവകാശത്തെ ലോകം അംഗീകരിക്കേണ്ടതുണ്ടെന്നും സിദ്ധാന്തത്തിന്റെ പ്രചാരകർ ആവശ്യപ്പെടുന്നു. ഇതിന് അനുബന്ധമായാണ് സ്വവർഗ്ഗ ലൈംഗികബന്ധം, സ്വവർഗ്ഗ വിവാഹം തുടങ്ങിയവ സംബന്ധിച്ച അവകാശവാദങ്ങളും ആശയപ്രചാരണങ്ങളും കടന്നുവരുന്നത്.

## പശ്ചാത്തലം

പരമ്പരാഗത സ്ത്രീപക്ഷ - ഭിന്ന ലൈംഗികാഭിമുഖ്യ (LGBT) മുന്നേറ്റങ്ങൾക്ക് അതുവരെയുണ്ടായിരുന്ന പരിമിതികൾക്ക് മറുപടിയെന്നവണ്ണം തൊണ്ണൂറുകളിൽ ഉയർന്നുവന്ന സിദ്ധാന്തമാണ് ലിംഗപദവി സിദ്ധാന്തം. അക്കാലത്തു നിലനിന്നിരുന്ന ലിംഗ പദവി സംബന്ധമായ പലവിധ വിവേചനങ്ങൾ, അടിച്ചമർത്തലുകൾ (oppression) എന്നിവയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ഇത്തരമൊരു മുന്നേറ്റത്തിൽ വലിയ പങ്കുണ്ട്. പലവിധ മേധാവിത്വങ്ങളെയും ലിംഗപദവി വ്യവസ്ഥിതിയെയും ചോദ്യം ചെയ്തിരുന്ന വിവിധ തത്വശാസ്ത്ര സമീപനങ്ങളുടെ (poststructuralism, postmodernism, critical theory, etc.,) പിൻബലത്തോടെയാണ് ഈ സിദ്ധാന്തം ശക്തിപ്രാപിച്ചത്.

സാധാരണക്കാർക്ക് വിചിത്രമെന്ന് തോന്നാമെങ്കിലും ബൗദ്ധിക സമൂഹത്തിൽ ആഴത്തിൽ വേരോട്ടമുള്ള അവകാശവാദങ്ങളും ആശയങ്ങളുമാണ് ഈ സിദ്ധാന്തം മുന്നോട്ടു വയ്ക്കുന്നത്. ജെൻഡർ തിയറിയും ജെൻഡർകൾച്ചറും ജെൻഡർ ഐഡന്റിറ്റിയും സംബന്ധിച്ച വിവിധ ആശയങ്ങൾ പഠനവിഷയമാക്കിയിരിക്കുന്ന ഒട്ടേറെ യൂണിവേഴ്സിറ്റികളുണ്ട്. അർജന്റീന, കാനഡ, സ്വീഡൻ, അയർലൻഡ് തുടങ്ങിയ വിവിധ രാജ്യങ്ങൾ ലിംഗപദവി സിദ്ധാന്തവാദികളുടെ ആവശ്യങ്ങൾ പ്രകാരം നിയമനിർമ്മാണങ്ങൾ നടത്തുകയും ഗവേഷണങ്ങൾക്കായി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇന്ത്യയുൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾ ഇത്തരക്കാരുടെ ആവശ്യങ്ങളിൽ ഏറിയപങ്കും അംഗീകരിക്കാൻ തയ്യാറായിട്ടില്ല. പ്രകൃതി വിരുദ്ധ ലൈംഗികത കുറ്റകരമാക്കിയിരുന്ന IPC സെക്ഷൻ 377 ലെ ചില ഭാഗങ്ങൾ സുപ്രീം കോടതിയിൽ കാലങ്ങളോളം നീണ്ട വ്യവഹാരം വഴി 2018 ൽ എടുത്തുമാറ്റാൻ കഴിഞ്ഞതാണ് ഈ രംഗത്തുപ്രവർത്തിക്കുന്ന ഇന്ത്യൻ സംഘടനകളുടെ എടുത്തുപറയത്തക്കതായ ഒരു നേട്ടം. എന്നാൽ, സ്വവർഗ്ഗബന്ധങ്ങൾക്ക്, ഇന്ത്യയിലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള സിവിൽ വിവാഹത്തിന് തുല്യമായ നിയമസാധുത നേടിയെടുക്കാനുള്ള അത്തരക്കാരുടെ പ്രയത്നം പരാജയമായിരുന്നു. ഒരു വർഷത്തോളം നീണ്ട നിയമയുദ്ധത്തിനൊടുവിൽ 2023 ഒക്ടോബറിൽ സ്വവർഗ്ഗ വിവാഹത്തിന് നിയമസാധുത നൽകാനാവില്ല എന്ന് സുപ്രീംകോടതി വിധിക്കുകയുണ്ടായി.

## ആശയപ്രചാരണങ്ങൾ

മേൽപ്പറഞ്ഞതാണ് നിലവിലുള്ള പശ്ചാത്തലമെങ്കിലും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പല വിധത്തിലും നമുക്കിടയിൽ സജീവമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സെമിനാറുകളിലൂടെയും സിനിമകളിലൂടെയും ജെൻഡർ തിയറിയുടെ ഭാഗമായ

ആശയപ്രചാരണങ്ങൾ നടത്താനുള്ള സംഘടിതവും ആസൂത്രിതവുമായ നീക്കങ്ങൾ ലോകത്ത് എല്ലായിടത്തും പ്രകടമാണ്. മഴവിൽ നിറമുള്ള പതാകകളും പ്രൈഡ് മാർച്ചുകളും ഇന്ന് എല്ലാവർക്കും പരിചിതമായി കഴിഞ്ഞിരിക്കുന്നു. ഈ 'പുരോഗമന ആശയത്തിലേക്ക്' പുരോഗമന ചിന്താഗതിക്കാരെല്ലാം മാറിക്കഴിഞ്ഞുവെന്നും ഇനിയും മാറാത്തവർ അപരിഷ്കൃതരും ചിന്താശേഷിയില്ലാത്തവരും ആണെന്നുമുള്ള പൊതുബോധനിർമ്മിതിയും ഒരു പരിധിവരെ നമുക്കിടയിൽ നടന്നു കഴിഞ്ഞു. പുരോഗമന ചിന്താഗതിക്കാരുടെ ഗണത്തിലേക്ക് എളുപ്പത്തിൽ നടന്നുകയറാനുള്ള വഴിയായി ഇത്തരം ആശയപ്രചരണങ്ങളെ ഏറ്റെടുക്കുന്നവരുണ്ട്. അത്തരം പ്രചാരണങ്ങൾ നടത്തുന്നതും ജെൻഡർ തിയറിയെയും ഭിന്ന ലൈംഗിക ആഭിമുഖ്യങ്ങളെയും ആശയപരമായി വിമർശിക്കുന്നവരെ എതിർക്കുന്നതും 'ബുദ്ധി ജീവി'കളുടെ മുഖ്യലക്ഷണങ്ങളിലൊന്നായും പൊതുവെ കരുതപ്പെടുന്നു.

കേരളത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ, ഇത്തരം ആശയപ്രചാരകർ സ്ഥാപിക്കാൻ ശ്രമിക്കുന്ന ചില പ്രത്യേക വാദങ്ങളുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് 'കാതൽ - ദ കോർ' എന്ന ചലച്ചിത്രത്തിന്റെ പ്രമേയം. ജെൻഡർ തിയറിയുടെ വക്താക്കൾ ആഗോള തലത്തിൽ ഉന്നയിക്കുന്ന മുഖ്യ വാദഗതിയായ വ്യക്തിയുടെ 'ലിംഗസ്വത്വ' സ്വാതന്ത്ര്യമല്ല അത്. മറിച്ച്, സ്വവർഗ്ഗ ലൈംഗികതയാണ്. ലേഖനങ്ങളിലൂടെയും ചർച്ചകളിലൂടെയും ഇതുവരെ ഇത്തരക്കാർ ചെയ്തിട്ടുള്ളതുപോലെ, ലിംഗപദവി, ലൈംഗിക ആഭിമുഖ്യം എന്നിവ ആശയക്കുഴപ്പമുണ്ടാകുന്ന വിധത്തിൽ അവതരിപ്പിക്കുകയാണ് സിനിമയുടെ സൃഷ്ടാക്കളും ചെയ്തിരിക്കുന്നത്. സ്വവർഗ്ഗ ലൈംഗികപങ്കാളിയുമൊത്തുള്ള ജീവിതം അത് ആഗ്രഹിക്കുന്നവരുടെ അവകാശമാണെന്നും കുടുംബങ്ങളും സമൂഹവും രാഷ്ട്രീയ പാർട്ടികളും മതങ്ങളും അത് അംഗീകരിക്കണമെന്നും ചലച്ചിത്രം പറഞ്ഞവസാനിപ്പിക്കുന്നു. ഈ വിഷയത്തെ

ലൈംഗികതയുടെ മാത്രം വിഷയമാക്കി ചുരുക്കി അവതരിപ്പിക്കുക എന്നൊരു ശൈലി സിനിമ സ്വീകരിച്ചിട്ടുണ്ട്. അസ്വാഭാവികമെന്നും പ്രകൃതി വിരുദ്ധമെന്നും കരുതപ്പെടുന്ന ഇത്തരം ലൈംഗിക താത്പര്യങ്ങൾ കുടുംബബന്ധങ്ങളിലും സമൂഹനിർമിതിയിലും സൃഷ്ടിക്കുന്ന പ്രഹരങ്ങളെ പൂർണ്ണമായും അവഗണിച്ചുകൊണ്ടാണ് ഇത്തരം വാദങ്ങൾ ഉയർന്നുവരുന്നത് എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് ജീവനെ സ്നേഹിക്കുന്ന, ജീവനുവേണ്ടി നിലകൊള്ളുന്ന ഏവരും ഇത്തരം ആശയപ്രചാരണങ്ങളെ അധാർമികവും മനുഷ്യന്റെ ജീവ - ജീവിത മാഹാത്മ്യത്തിന് എതിരായിട്ടുമാണ് വീക്ഷിക്കുന്നത്.

**LGBTQIA+:**

**ലിംഗസ്വത്വ സ്വാതന്ത്ര്യത്തിനോ സ്വവർഗ്ഗ ലൈംഗികതയ്ക്കോ?**

സ്വവർഗ്ഗ അനുരാഗികൾക്ക് സ്വാഭാവിക വിവാഹ പങ്കാളികൾക്കുള്ള എല്ലാ അവകാശങ്ങളോടെയും സമൂഹത്തിൽ ജീവിക്കാൻ കഴിയണമെന്ന ആവശ്യമാണ് മുഖ്യമായും നമുക്കിടയിൽ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. മേല്പറഞ്ഞതുപോലെ ലൈംഗിക ആവശ്യങ്ങളാണ് എല്ലായ്പ്പോഴും തന്നെ ഉയർത്തിക്കാണിക്കപ്പെടുന്നത്. 'LGBTQIA+' എന്ന വിഭാഗത്തിൽ സ്വവർഗ്ഗ അനുരാഗികൾ എന്ന് വ്യക്തമായി വിശദീകരിക്കാൻ കഴിയുന്ന രണ്ടു വിഭാഗങ്ങൾ L അഥവാ ലെസ്ബിയൻ, G അഥവാ ഗേ എന്നിവയാണ്. B എന്ന ബൈസെക്ഷ്വൽ ഒരേസമയം ആണിനോടും പെണ്ണിനോടും ലൈംഗിക ആകർഷണം ഉള്ള വ്യക്തികളും Q അഥവാ ക്വീർ എന്ന പ്രത്യേക വിഭാഗം വിചിത്രമായ ലൈംഗിക താൽപ്പര്യങ്ങളോടു കൂടിയവരുമായിരിക്കും. I എന്നാൽ ഇന്റർസെക്സ് അഥവാ, മിശ്രലിംഗവും (അപൂർണ്ണമായ ലൈംഗിക അവയവങ്ങളോടെയുള്ള ജനനം), A എന്നാൽ, അസെക്ഷ്വൽ അഥവാ ലൈംഗിക വികാരങ്ങൾ ഇല്ലാത്ത അവസ്ഥയുള്ളവരുമാണ്. T ആണ് ട്രാൻസ് ജെൻഡർ. ഇവയ്ക്ക് പുറമേ മറ്റു ചില ലിംഗ ന്യൂനപക്ഷ വിഭാഗങ്ങളും ഇക്കൂട്ടത്തിൽ സമീപകാലത്തായി ഉൾപ്പെടുത്ത

പ്പെട്ടിട്ടുണ്ട് (ഉദാ: പാൻസെക്ഷ്വൽ). ഇനിയും പട്ടിക നീളുമെന്നതിന്റെ സൂചനയാണ് ഒടുവിലുള്ള പ്ലസ് (+).

വിചിത്രവും അസാധാരണവുമായ ലൈംഗിക ആഭിമുഖ്യങ്ങളുമായി പൂർണ്ണമായും ബന്ധപ്പെട്ട വിഭാഗീകരണങ്ങൾ L, G, B, Q എന്നിവ മാത്രമാണ്. അതേസമയം, T, I, A തുടങ്ങിയ വിഭാഗീകരണങ്ങൾ, ലൈംഗികതയ്ക്ക് അതീതമായി ജന്മനാലുള്ള ലിംഗ സംബന്ധ സവിശേഷതകൾ ഉള്ളവരാണ്. യഥാർത്ഥത്തിൽ, അതിന്യൂനപക്ഷങ്ങളായ ഇവരാണ് പ്രത്യേക പരിഗണന അർഹിക്കുന്നവർ. എന്നാൽ, ജെൻഡർ തിയറിയുടെ വക്താക്കളായി നമുക്കിടയിൽ പ്രത്യക്ഷപ്പെട്ടു കാണാറുള്ളവരെല്ലാം L, G, B, Q വിഭാഗങ്ങൾ ഉയർത്തുന്ന അസാധാരണമായ ലൈംഗിക ആഭിമുഖ്യങ്ങളുടെ സാധാരണത്വത്തിനുവേണ്ടി നിലകൊള്ളുന്നവരും വാദിക്കുന്നവരുമാണ് എന്നതാണ് വാസ്തവം. അതിനാൽത്തന്നെ അവർക്ക് അസ്വാഭാവിക ലൈംഗിക ആവശ്യങ്ങളും പ്രധാന വിഷയമായി മാറുന്നു. ജന്മനാലുള്ള പ്രത്യേകതകൾക്കൊണ്ടു മാത്രം ലിംഗപരമായി പാർശ്വവൽക്കരിക്കപ്പെടുന്ന അതിന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി (T, I, A) നിലകൊള്ളുന്നവരുടെയെണ്ണം അക്കൂട്ടത്തിൽ കുറവാണ് എന്നതും ശ്രദ്ധേയമാണ്.

സ്വവർഗ്ഗ അനുരാഗികൾ അപ്രകാരം ആയിത്തീരുന്നതോ, ചിലരുടെ ലൈംഗിക താൽപ്പര്യങ്ങൾക്ക് പിൽക്കാലത്ത് വിചിത്രമായ വ്യതിചലനങ്ങൾ സംഭവിക്കുന്നതോ ജന്മനാലുള്ള കാരണങ്ങൾക്കൊണ്ടായിരിക്കണമെന്ന് നിർബ്ബന്ധമില്ല. സമാനസ്വഭാവക്കാരുമായുള്ള സഹവാസം, ചെറുപ്പകാലത്ത് ലൈംഗികമായി ദുരുപയോഗിക്കപ്പെട്ടിട്ടുള്ള അനുഭവങ്ങൾ, അശ്ലീല ചിത്രീകരണങ്ങൾ കാണുന്നത്, കുത്തഴിഞ്ഞ ജീവിതശൈലി, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയ വിവിധ കാരണങ്ങൾകൊണ്ട് ഒരു വ്യക്തിയുടെ ലൈംഗിക താൽപ്പര്യങ്ങൾക്ക് മാറ്റം സംഭവിക്കാം. ഇത്തരം ഘടകങ്ങളെയെല്ലാം തമസ്കരിച്ചുകൊണ്ടുള്ള അവകാശവാദങ്ങളും ആശയപ്രചാരണങ്ങളുമാണ് പൊതുസമൂഹത്തിൽ

പലപ്പോഴും കണ്ടുവരുന്നത്. ഈ വിഷയത്തിന്റെ പശ്ചാത്തലമെന്തെന്നോ, വാസ്തവങ്ങൾ എന്തൊക്കെയെന്നോ സമൂഹത്തിന് വ്യക്തത നൽകാതെ, പുരോഗമന ചിന്താഗതിയെന്ന മുഖംമൂടി നൽകി പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള കോലാഹലങ്ങളാണ് ഇവിടെ പലപ്പോഴും നടക്കുന്നത്. മറുചോദ്യങ്ങൾ ഉന്നയിക്കുന്നവരെ സംഘം ചേർന്ന് സൈബർ ഇടങ്ങളിൽ ആക്രമിക്കാനും അവഹേളിക്കാനും മടികാണിക്കാത്ത ഒരു വിഭാഗവും സമൂഹമാധ്യമങ്ങളിൽ സദാ സജ്ജമാണ്.

## സഭയുടെ നിലപാടുകളിലെ തുറവിയും ഉറപ്പും

കത്തോലിക്കാ സഭയ്ക്ക് ഇത്തരം വിഷയങ്ങളിൽ സുവ്യക്തവും എന്നാൽ തുറവിയോട് കൂടിയതുമായ നിലപാടുകളുണ്ട്. ഫ്രാൻസിസ് പാപ്പയുടെ ചില വാക്കുകളെയും, സഭയുടെ പ്രബോധനങ്ങളിലെ ചില ഭാഗങ്ങളെയും വളച്ചൊടിച്ചു പ്രചരിപ്പിച്ച ചില തൽപരകക്ഷികൾ പലപ്പോഴായി ഇക്കാര്യങ്ങളിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ ആശയങ്ങൾ ഉൾച്ചേർത്തുകൊണ്ട് മൂന്നു പതിറ്റാണ്ടുകൾക്ക് മുമ്പ് പരിഷ്ക്കരിക്കപ്പെട്ട 'കത്തോലിക്കാ സഭയുടെ മതബോധന സംഹിത' (Catechism of the Catholic Church - CCC) മുതൽ, ഏറ്റവും ഒടുവിൽ, കത്തോലിക്കാ സഭയുടെ വിശ്വാസ പ്രബോധന സംബന്ധ കാര്യാലയം ഈ വർഷം പ്രസിദ്ധീകരിച്ച 'അനന്ത മാഹാത്മ്യം' (Dignitas Infinita) എന്ന പ്രഖ്യാപന രേഖയിൽ വരെ സഭയുടെ ഇക്കാര്യങ്ങൾ സംബന്ധിച്ച നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്.

ജെൻഡർ തിയറി സംബന്ധിച്ച വാദഗതികളിലുള്ള സഭയുടെ നിലപാട് 'അനന്ത മാഹാത്മ്യത്തിൽ' വ്യക്തമാക്കുന്നു. വ്യക്തിപരമായ സ്വയം സ്വത്വ നിർണ്ണയം (self determination) എന്ന സമീപനത്തെ പ്രസ്തുത പ്രബോധന രേഖ നിരാകരിക്കുന്നു (Dignitas Infinita 57). ജെൻഡർ തിയറി കേന്ദ്രീകരിച്ചുള്ള പ്രത്യയശാസ്ത്രപരമായ കോളനിവൽക്കരണവും അതുമുന്നോട്ടുവയ്ക്കുന്ന ആശ

യങ്ങളും അപകടകരമാണെന്ന ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ രേഖ ഉദ്ധരിച്ചിരിക്കുന്നു (Dignitas Infinita 56). കത്തോലിക്കാ സഭയുടെ നിലപാടുകൾ തങ്ങൾ ആഗ്രഹിക്കുന്നതിനനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു എന്ന് അവകാശപ്പെടുന്നവർക്കുള്ള മറുപടികൂടിയാണ് ഈ പ്രബോധന രേഖ.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ (CCC 2357–2359) അവതരിപ്പിക്കപ്പെട്ടിട്ടുള്ള കൃത്യമായ നിലപാടുകൾ തന്നെയാണ് പലപ്പോഴായി ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിലൂടെയും പ്രബോധന രേഖകളിലൂടെയും ആവർത്തിച്ചിട്ടുള്ളത്. സ്വവർഗ്ഗ ലൈംഗികബന്ധങ്ങൾ ധാർമ്മികാധഃപതനമെന്നും സ്വാഭാവിക നിയമങ്ങൾക്ക് എതിരെന്നും യാതൊരു സാഹചര്യത്തിലും അംഗീകരിക്കാൻ സാധ്യമല്ലാത്തതെന്നുമാണ് CCC വ്യക്തമാക്കുന്നത്. എന്നാൽ, ആദരവോടും സഹാനുഭൂതിയോടും കൂടി ഭിന്ന ലൈംഗിക ആഭിമുഖ്യങ്ങളുള്ളവരെ പരിഗണിക്കണമെന്നും CCC ഉദ്ബോധിപ്പിക്കുന്നു. വിവേചനം പുലർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തുന്നതിനുപകരം ഒരു തിരിച്ചുവരവിനുള്ള ശക്തി അവർക്കു നൽകാൻ എല്ലാവരും പരിശ്രമിക്കണമെന്നാണ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പറഞ്ഞുവയ്ക്കുന്നത്. Amoris Laetitia (2016) എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിലും, On the pastoral meaning of blessings (2023) എന്ന, വിശ്വാസ പ്രബോധനസംബന്ധ കാര്യാലയത്തിന്റെ പ്രഖ്യാപന രേഖയിലും ഉൾപ്പെടെ ഇതേ നിലപാടുകൾതന്നെയാണ് ആവർത്തിക്കുന്നത്.

സഭയുടെ നിലപാടുകൾ മാറിയെന്ന് കരുതുന്നവരും, മാറേണ്ടതാണെന്ന് വാദിക്കുന്നവരും തങ്ങളായിരിക്കുന്ന ആൾക്കൂട്ടത്തിന്റെയും അതിന്റെ സ്വാധീനത്തിന്റെയും വലയത്തിൽനിന്ന് പുറത്തുവരികയാണ് ആവശ്യം. അതിരുകളില്ലാത്ത സ്വാതന്ത്ര്യം അവകാശമായി ഉന്നയിക്കുന്നവർ പുരോഗമനപരമെന്ന് അവകാശപ്പെടുന്ന ആശയപ്രചാരണങ്ങൾക്കപ്പുറം ജീവിതയാഥാർഥ്യങ്ങ

ളെക്കുറിച്ച് തിരിച്ചറിവുള്ളവരും യാഥാർഥ്യബോധത്തോടെ ചുറ്റുമുള്ളവരെക്കുറിച്ച് ചിന്തിക്കുന്നവരുമാകണം. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങളും കുറവുകളുമുള്ളവർക്കുമുള്ള പരിഗണന ആ പരിമിതികളെ അതിജീവിക്കാനുള്ള കൈത്താങ്ങിന്റെ രൂപത്തിലാണ് അവർക്ക് ലഭിക്കേണ്ടത്. അതാണ് എക്കാലത്തും കത്തോലിക്കാ സഭയുടെ നിലപാട്. എന്നാൽ, മുതലെടുപ്പുകൾ നടത്താനുള്ള വേദിയൊരുക്കുകയും അധാർമ്മിക ആശയപ്രചാരണങ്ങൾ നടത്തുകയുമാണ് മറ്റൊരുകൂട്ടർ ചെയ്തുവരുന്നത്.

ലൈംഗിക ആഭിമുഖ്യങ്ങളിലെ മാറ്റങ്ങളും ലിംഗപരമായ വ്യതിയാനങ്ങളും ഒരു വ്യക്തിയെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തുന്നതിന് കാരണങ്ങളാകരുതെന്ന് സഭ നിഷ്കർഷിക്കുന്നുണ്ട്. സ്വവർഗ്ഗ ലൈംഗിക ചോദനകൾ ഒരു വ്യക്തിയിൽ രൂപപ്പെടുന്നത് പാപകരമാണെന്ന നിലപാടും സഭയ്ക്കില്ല. അതേസമയം അത്തരം താൽപ്പര്യങ്ങൾ നിയന്ത്രിക്കപ്പെടാതെ, ലൈംഗിക പ്രവൃത്തികളിലേയ്ക്ക് നീങ്ങുന്നത് നിയമത്തിന്റെ കണ്ണിൽ കുറ്റകരമല്ലെങ്കിൽ പോലും അത് പാപകരമാണെന്നാണ് സഭയുടെ നിലപാട്. അതിനാൽത്തന്നെ സ്വവർഗ്ഗ 'വിവാഹത്തെയോ' സ്വവർഗ്ഗ ലൈംഗികബന്ധത്തെയോ സഭയ്ക്ക് അംഗീകരിക്കാനോ അത്തരം ബന്ധങ്ങളെ ആശീർവദിക്കാനോ കഴിയില്ല. അതേസമയം, സ്വവർഗ്ഗ ലൈംഗികബന്ധത്തിൽ ഉൾപ്പെട്ട ഒരു വ്യക്തി ഒരു വൈദികന്റെ ആശീർവാദം മറ്റ് കാര്യങ്ങളിൽ ആഗ്രഹിക്കുന്ന പക്ഷം അത് നിഷേധിക്കരുത് എന്ന് സഭ അനുശാസിക്കുന്നു. എന്നാൽ ഇവരുടെ സ്വവർഗ്ഗ ബന്ധത്തെ ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിലുള്ള നൈയ്യാമികമായ വിവാഹമെന്ന കൂദാശയിൽ നല്കുന്ന പോലെ ആശീർവദിക്കാൻ സഭയിൽ അനുവാദമില്ല (On the pastoral meaning of blessings 2023).

സിവിൽ നിയമവും സഭയുടെ അനുശാസനങ്ങളും വ്യത്യസ്തമായിരിക്കുന്ന സാഹചര്യങ്ങൾ ധാർമികവിഷയങ്ങളുമായി




ബന്ധപ്പെട്ട് മുമ്പും പല രാജ്യങ്ങ ളിലും ഉടലെടുത്തിട്ടുണ്ട്. സഭ യിലെ അംഗം എന്ന നിലയിൽ സഭയുടെ പ്രബോധനങ്ങൾ കൂടി പരിഗണിച്ച് ശ്രദ്ധാപൂർവ്വം നിലപാടുകൾ സ്വീകരിക്കാനുള്ള ചുമതല വിശ്വാസികൾക്കുണ്ട്. അതേസമയം, ധാർമ്മിക വിഷയ ങ്ങളിലും മത ദേശ വ്യത്യാസമി ല്ലാതെ എല്ലാ മനുഷ്യരെയും ബാധിക്കുന്ന വിഷയങ്ങളിലും അവശ്യഘട്ടങ്ങളിൽ കത്തോ ലിക്കാ സഭ തുറവിയോടെയുള്ള ആഴമായ പഠനങ്ങളുടെ വെളിച്ച ത്തിലുള്ള നിലപാടുകൾ വ്യക്ത മാക്കാറുണ്ട്. ലോകത്തിന്റെ ധാർ മ്മിക ശബ്ദമായി നിലകൊള്ളാ നുള്ള സഭയുടെ ദൗത്യത്തിന്റെ ഭാഗമാണത്. പ്രാദേശിക സഭാ നേതൃത്വങ്ങളും സഭയുടെ അനു ബന്ധ സംവിധാനങ്ങളും ഇതേ ദൗത്യം കാലങ്ങളായി നിർവ്വ ഹിച്ചു വരുന്നുണ്ട്. അതിനാൽ ത്തന്നെ, സഭയ്ക്ക് നിലപാട് വ്യക്തമാക്കേണ്ട ഘട്ടങ്ങൾ രൂപ പ്പെടുമ്പോൾ അത് സഭ വ്യക്തമാ ക്കുകതന്നെ ചെയ്യും; അത് ജീവ നെയും കുടുംബത്തെയും മനുഷ്യ മഹാത്മ്യത്തെയും സംബന്ധി ക്കുന്ന വിഷയങ്ങളിലാണെങ്കിൽ പ്രത്യേകിച്ചും.

*

# യേശുവിന്റെ പ്രാർഥനകൾ :
## ചില പ്രാരംഭചിന്തകൾ





**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി**

(കഴിഞ്ഞ ലക്കം തുടർച്ച)

### നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ

ഈ വാചകം ഈ പ്രാർത്ഥനയിലെ ആദ്യത്തെ അപേക്ഷയാണ്. പ്രാർത്ഥിക്കുന്ന ആളിനു വേണ്ടിയോ മറ്റാർക്കെങ്കിലും വേണ്ടിയോ എന്തെങ്കിലും അപേക്ഷിക്കുന്നതിന് മുൻപു അപേക്ഷിക്കുന്നതാണ് ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടണം എന്നത്. ഇനിയും അപേക്ഷകൾ പലതുണ്ട്. പക്ഷേ അവയെക്കാളെല്ലാം പ്രാധാന്യവും മുൻഗണനയുമുള്ളത് ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെന്നതിനാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് മറ്റെല്ലാം അപേക്ഷിക്കാൻ കഴിയുന്നത്. ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടുകയെന്നതിന്റെ ചില മാർഗ്ഗങ്ങൾ മാത്രമാണ് പിന്നീടു വരുന്ന അപേക്ഷകൾ. അതായത്, പ്രാർത്ഥിക്കുന്നവന്റെ ഹൃദയം ദൈവത്തിലാണ് ഉദ്ഭവിക്കേണ്ടത്. ചെയ്യുന്നതെല്ലാം – പ്രാർത്ഥനയും ഭൗതിക കാര്യങ്ങളും ദൈവത്തിനുവേണ്ടിയാണ്. പ്രാർത്ഥിക്കുന്നവന്റെ മനസ്സ് മറ്റെന്തെങ്കിലും സാധനത്തിലോ വ്യക്തിയിലോ പതിഞ്ഞിരുന്നാൽ അത് കല്പനയുടെ ലംഘനമാകും. 'നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണശക്തിയോടും കൂടെ ദൈവത്തെ സ്നേ

ഹിക്കുക' എന്നതാണല്ലോ ഒന്നാമത്തെ കല്പന. അതു നല്കിയ ശേഷം അതിനു തുല്യമെന്ന് വിശേഷിപ്പിച്ചുകൊണ്ട് 'നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക' എന്ന കല്പന നല്കുന്നു. സ്വാഭാവികമായി ഉയരാവുന്ന ഒരു ചോദ്യമാണ് പുർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ചാൽ അയല്ക്കാരനെ സ്നേഹിക്കാൻ ഹൃദയത്തിൽ ഇടമുണ്ടാകുമോ? ഉണ്ടാകില്ലെന്നു വ്യക്തം. അതായത് രണ്ടാമത്തെ കല്പന മറ്റൊരു കല്പനയല്ല, മറിച്ചു ആദ്യ കല്പനയുടെ പ്രായോഗികവാദം മാത്രമാണ്.

നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ എന്ന് പ്രാർഥിക്കുന്നതിന്റെ അർത്ഥം എന്താണ്? ദൈവത്തിന്റെ നാമം ഇപ്പോൾ പരിശുദ്ധമല്ലെന്നും പ്രാർത്ഥിച്ച് പരിശുദ്ധി ഉണ്ടാകണമെന്നുമാണോ ഉദ്ദേശിക്കുന്നത്? പരിശുദ്ധി ഇല്ലാത്തതൊന്നും ദൈവമല്ല, പരിശുദ്ധി ഇല്ലെങ്കിൽ ദൈവമില്ല. എങ്കിൽ ഈ അപേക്ഷയുടെ അർത്ഥമെന്ത്? ദൈവം പരിശുദ്ധനാകണമെന്നല്ല ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധി എല്ലാവരും അംഗീകരിക്കണമെന്നാണ്.

ഇവിടെ ഉപയോഗിച്ചിരിക്കുന്നത് കർമ്മണി പ്രയോഗമാണ്. അതായത് മനുഷ്യർ ഏറ്റുപറയുന്നതിന്റെ കർമ്മമാണ് ദൈവത്തിന്റെ നാമം. മനുഷ്യർ ഏറ്റുപറയുമ്പോഴും യഥാർത്ഥത്തിൽ ദൈവം തന്നെയാണ് ആ ക്രിയയുടെ യഥാർത്ഥ കർത്താവ്. ഒരിക്കലും ദൈവത്തിന് ഏതെങ്കിലും ക്രിയയുടെ കർമ്മമായിരിക്കാൻ കഴിയുകയില്ല; അങ്ങനെ വന്നാൽ ദൈവം ദൈവമല്ലാതാകും. നാം ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ദൈവത്തെ നാം നമ്മുടെ സ്നേഹിക്കുകയെന്ന ക്രിയയുടെ കർമ്മമാക്കുന്നുവെന്നല്ല; മറിച്ച് നമ്മെക്കൊണ്ടു ദൈവത്തെ സ്നേഹിപ്പിക്കുക, നമ്മെ ദൈവത്തെ സ്നേഹിക്കുന്നവരാക്കുകയെന്നൊക്കെയാണ് അർത്ഥം.

മറ്റൊന്നുകൂടെ നാം ഇവിടെ മനസ്സിലാക്കേണ്ടതാണ്. ബൈബിളിൽ വിശുദ്ധിയെന്നതിന് എന്താണർത്ഥം? ഹീബ്രുവിലും പുതിയനിയമഗ്രീക്കിലും പരിശുദ്ധിയെന്നാൽ വേർതിരിക്കപ്പെട്ടത്, വ്യത്യ



സ്തമായത് എന്നൊക്കെയാണ് അർത്ഥം. അതിൽനിന്ന് തന്നെയാണ് മനുഷ്യരുടെ വിശുദ്ധിയെപ്പറ്റിയുള്ള ആശയവും ഉദ്ഭവിച്ചത്. എല്ലാറ്റിൽനിന്നും പൂർണമായി വ്യത്യസ്തനായിരിക്കുന്ന ദൈവത്തിന് സമർപ്പിക്കപ്പെട്ടവനാണ് വിശുദ്ധൻ എന്ന് അറിയപ്പെടുന്നത്. ഈ വിശുദ്ധി ദൈവത്തിൽനിന്നു വരുന്ന വിശുദ്ധിയാണ്. തിരുകർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന വസ്ത്രങ്ങളെ വിശുദ്ധവസ്ത്രങ്ങളെന്നു വിളിക്കുമ്പോൾ ആ വസ്ത്രത്തിന് അതിൽത്തന്നെ എന്തെങ്കിലും വിശുദ്ധിയുണ്ടെന്നല്ല മനസ്സിലാക്കേണ്ടത്. അനന്ത വിശുദ്ധനായ ദൈവത്തിനു, ദൈവത്തിന്റെ ശുശ്രൂഷകൾക്കു വേണ്ടി, മാറ്റി വയ്ക്കപ്പെട്ടതാണ് എന്നാണർത്ഥം.

നാം 'നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ' എന്ന് പ്രാർത്ഥിക്കുമ്പോൾ നമ്മെ ദൈവത്തിന്റെ പരിശുദ്ധിയോടു ബന്ധിപ്പിക്കണമേ, നമ്മെ പരിശുദ്ധരാക്കണമേ എന്നും അർത്ഥം വരുന്നു. വിശുദ്ധിയെപ്പറ്റിയുള്ള ഈ അഭിവാഞ്ഛയാണ് കർത്താവു പഠിപ്പിച്ച പ്രാർത്ഥനയുടെ അടിസ്ഥാന മൂല്യം.

(തുടരും...)

# കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക. (ലൂക്കാ 11 : 1)





ബ്രദർ തോമസ് പോൾ
കൊടിയൻ

(കഴിഞ്ഞ ലക്കം തുടർച്ച)

## കർത്തൃപ്രാർത്ഥന സുവിശേഷം മുഴുവന്റെയും സംഗ്രഹം

കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്ന വലിയ രഹസ്യത്തിലൂടെയും പ്രാർത്ഥന എന്ന മഹാവിസ്മയത്തെക്കുറിച്ചും നാം പഠിക്കുകയായിരുന്നു കഴിഞ്ഞ ലക്കങ്ങളിൽ. എന്നാൽ ഇനിമുതൽ നാം ആ മഹാവിസ്മയത്തിന്റെ ഉള്ളിൽ കടക്കാൻ ശ്രമിക്കുകയാണ് . അത് ഈശോ തന്നെ പഠിപ്പിച്ച പ്രാർത്ഥനയും ഈശോ തന്നെ നമ്മോടൊപ്പം പ്രാർത്ഥിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയെക്കുറിച്ചുമാണ് കർത്തൃപ്രാർത്ഥന എന്നും ഈ പ്രാർത്ഥനയെ വിശേഷിപ്പിക്കാറുണ്ട്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ 2759 മുതൽ 2865 വരെയുള്ള നൂറിൽപരം പാരഗ്രാഫുകൾ കർത്തൃപ്രാർത്ഥനയെക്കുറിച്ചുള്ള മതബോധന പഠനമാണ്. മതബോധന ഗ്രന്ഥത്തിൽ ഏറ്റവും അവസാന ഭാഗത്താണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും മതബോധന പുസ്തകം തുറന്ന് ഈ നമ്പർ എടുത്ത് പഠിക്കാൻ ആരംഭിക്കുക. മതബോധന ഗ്രന്ഥത്തിൽ അവസാനമാണ് ഇത്

പ്രതിപാദിക്കുന്നതെങ്കിലും നാമെല്ലാവരും ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭത്തിൽ തന്നെ പഠിച്ചിട്ടുള്ളതും പ്രാർത്ഥിച്ചിട്ടുള്ളതും ഈശോയോടൊപ്പം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിച്ചാണല്ലോ. അതിനായി, മതബോധന പഠനത്തിലുള്ള നമ്മുടെ ജൈവിക (Biological) വളർച്ചയ്ക്ക് മതബോധനത്തിൽ ഈ പ്രാർത്ഥനയിലൂടെ തന്നെ നമ്മുടെ ആത്മീയ ശൈശവം ആദ്യം കടന്നു പോകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമ്മുടെ വിശ്വാസ പരിശീലനത്തിന്റെ അടിവാരം കൃത്യമായും ദൃഢമായും പണിതുയർത്തപ്പെടുകയുള്ളൂ. അതുകൊണ്ട് നമ്മുടെ പ്രാർത്ഥനയ്ക്കും മതബോധന പഠനത്തിനും കൂടുതൽ ശക്തി ലഭിക്കാൻ ആദ്യമേ തന്നെ ഈ സ്വർഗ്ഗസ്ഥനായ പിതാവേ എന്നുള്ള പ്രാർത്ഥന വിശദമായി പഠിക്കണം.

## സുവിശേഷം മുഴുവന്റെയും സംഗ്രഹം

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ 2761-ൽ സഭാ പിതാവായ തെർത്തുല്യന്റെ പ്രബോധനത്തിന്റെ അടിസ്ഥാനത്തിലും ഏവർക്കും മനസ്സിലാക്കാവുന്ന ഒരു സത്യം തന്നെയാണ് ഈ സംജ്ഞ. സഭാപിതാക്കന്മാരിൽ ശ്രേഷ്ഠനായ സഭാപിതാവും



ദൈവശാസ്ത്രജ്ഞനുമാണ് തെർത്തുല്യൻ. ഏ ഡി 160 മുതൽ 220 വരെയുള്ള കാലയളവിൽ ജീവിച്ച ഈ പണ്ഡിതൻ ആദിമ പാശ്ചാത്യ ക്രിസ്തീയതയുടെ വലിയ ഗ്രന്ഥകാരനും ചിന്തകനുമായിരുന്നു. അദ്ദേഹത്തിന്റെ വിദഗ്ധമായ പ്രബോധനമാണ് കർത്തൃപ്രാർത്ഥന സുവിശേഷം മുഴുവന്റെയും സംഗ്രഹമാണ് എന്നുള്ളത്. തുടർന്ന് അദ്ദേഹം പഠിപ്പിക്കുന്നു : കർത്തൃപ്രാർഥന "യഥാർഥത്തിൽ സുവിശേഷം മുഴുവന്റെയും സംഗ്രഹമാണ്". "പ്രാർഥിക്കാൻ പരിശീലിപ്പിച്ചതിനുശേഷം 'ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും' എന്ന് കർത്താവ് ഒരിടത്തു പറഞ്ഞതിനാലും, ഓരോരുത്തർക്കും അവരവരുടെ



സാഹചര്യങ്ങളനുസരിച്ചുള്ള പ്രത്യേക യാചനകൾ ഉള്ളതിനാലും ക്രമാനുഗതവും സമുചിതവുമായ ആ പ്രാർഥന മറ്റെല്ലാ ആഗ്രഹങ്ങളുടെയും അടിസ്ഥാനമെന്നനിലയിൽ ആദ്യം ചൊല്ലുന്നു (CCC 2761).

## കർത്തൃപ്രാർത്ഥന വിശുദ്ധ ലിഖിതങ്ങളുടെ കേന്ദ്രബിന്ദു

സഭാപിതാവും വേദപാരംഗതനുമായ വി. അഗസ്തിനോസിന്റെ പ്രബോധനവും അതുപോലെ വേദപാരംഗതനായ വി. തോമസ് അക്വീനാസിന്റെയും പ്രബോധനങ്ങൾ ചേർത്തുകൊണ്ട് താഴെ പ്പറയുന്ന 3 പാരഗ്രാഫുകളും ( CCC 2762, 2763, 2764) നമ്മൾ മനസ്സിരുത്തി വായിച്ചു പഠിക്കണം. അത് അതിൽ തന്നെ നമുക്ക് മനസ്സിലാകുന്നതാണ്.

**CCC 2762** : ക്രിസ്തീയ പ്രാർഥനയുടെ സുപ്രധാന വിഷയം സങ്കീർത്തനങ്ങളാണെന്നും, കർത്തൃപ്രാർഥനയുടെ യാചനകളിൽ അവ ഒന്നിച്ചൊഴുകുന്നു എന്നും വ്യക്തമാക്കിയ ശേഷം വി. ആഗസ്തീനോസ് ഇങ്ങനെ ഉപസംഹരിക്കുന്നു: (വി. ഗ്രന്ഥത്തിലുള്ള)



വിശുദ്ധ പ്രാർഥനകളുടെ സകല വാക്കുകളിലൂടെയും കടന്നു പോവുക. കർത്തൃപ്രാർഥനയിൽ അടങ്ങിയിട്ടില്ലാത്തതോ ഉൾക്കൊള്ളാത്തതോ ആയി എന്തെങ്കിലും അവയിൽ കാണുമെന്ന് എനിക്കു തോന്നുന്നില്ല (St. Augustine).

**CCC 2763:** എല്ലാ ലിഖിതങ്ങളും നിയമവും പ്രവാചകന്മാരും സങ്കീർത്തനങ്ങളും യേശുവിൽ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. സുവിശേഷം ഈ "സദ്വാർത്ത"യാണ്. ഇതിന്റെ ആദ്യത്തെ പ്രഘോഷണം വി. മത്തായി ഗിരിപ്രഭാഷണത്തിൽ സംഗ്രഹിക്കുന്നു. നമ്മുടെ പിതാവിനോടുള്ള പ്രാർഥന ഈ പ്രഘോഷണത്തിന്റെ കേന്ദ്ര സ്ഥാനത്താണ്. ഈ പശ്ചാത്തലത്തിലാണു നമുക്കു കർത്താവു കനിഞ്ഞു നൽകിയ ഓരോ യാചനയും പ്രകാശിതമാകുന്നത്:

കർത്തൃപ്രാർഥനയാണ് ഏററം സംപൂർണമായ പ്രാർഥന ... ഈ പ്രാർഥനയിൽ നമുക്കു ന്യായമായി ആഗ്രഹിക്കാവുന്ന കാര്യങ്ങൾ നമ്മൾ ചോദിക്കുന്നു എന്നു മാത്രമല്ല, അവ ആഗ്രഹിക്കേണ്ട ക്രമത്തിൽ ചോദിക്കുകയും ചെയ്യുന്നു. ഈ പ്രാർഥന നാം എന്തു ചോദിക്കണമെന്നു മാത്രമല്ല, ഏതു ക്രമത്തിൽ അവ ആഗ്രഹിക്കണമെന്നും പഠിപ്പിക്കുന്നു (St. Thomas Aquinas).




CCC 2764 : ഗിരിപ്രഭാഷണം ജീവിതത്തിനുവേണ്ട പ്രബോധനമാണ്, കർത്തൃപ്രാർഥന ഒരു പ്രാർഥനയും. പക്ഷേ, രണ്ടിലും കർത്താവിന്റെ ആത്മാവു നമ്മുടെ ആഗ്രഹങ്ങൾക്കു പുതിയരൂപം, നമ്മുടെ ജീവിതത്തെ ചൈതന്യവത്താക്കുന്ന ആന്തരിക ധാരകൾ നൽകുന്നു. ഈ പുതിയ ജീവിതം യേശു നമ്മെ വാക്കുകളിലൂടെ പഠിപ്പിക്കുന്നു. നമ്മുടെ പ്രാർഥനയിലൂടെ അതു യാചിക്കാനും അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ പ്രാർഥനയുടെ ആർജവത്തെ ആശ്രയിച്ചാണ് അവിടുന്നിലുള്ള നമ്മുടെ ജീവിതത്തിന്റെ ആർജ്ജവം.

അങ്ങനെ, നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്ക് വളരെ പ്രാധാന്യമുണ്ടെന്ന് അത് സാവധാനം മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഭക്തിപൂർവ്വം പ്രാർത്ഥിക്കാനും നമ്മൾ പഠിക്കണം. അങ്ങനെ ഒന്ന് പ്രാർത്ഥിക്കൂ. അങ്ങനെ പ്രാർത്ഥിക്കാൻ നിങ്ങൾക്ക് ഞാൻ എല്ലാ ആശംസകളും നേരുന്നു. അടുത്ത ലക്കങ്ങളിൽ ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് നമ്മൾ കടക്കും.

(തുടരും.....)

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





**എം. കോഴിമണ്ണിൽ**

(കഴിഞ്ഞ ലക്കം തുടർച്ച)

'മുമ്പു ഞാൻ പറഞ്ഞില്ലേ ഒരു ഗണം ദൂതന്മാർ ഇപ്പോൾ സ്വർഗ്ഗത്തിലില്ലെന്നു കർത്താവു പറഞ്ഞെന്ന്. ഇവരുടെ കാര്യമാണത്. ഇവരുടെ തലവന്റെ പേര് ലൂസിഫർ എന്നായിരുന്നു.

ദൈവത്തിന്റെ പ്രഖ്യാപനം ഇവർക്കിഷ്ടമായില്ല.

'നമുക്കും മേലെയോ മനുഷ്യൻ ? ദൈവത്തിന്റെ ഛായയും സാദൃശ്യവും നമുക്കു പോലും കിട്ടിയിട്ടില്ലല്ലോ'

ഇപ്രകാരം ചിന്തിച്ച് ലൂസിഫറും കൂട്ടരും മൗനമായിരുന്നു.'

'അവരോടു ദൈവം എന്തു പറഞ്ഞു ?' മക്കൾ ചോദിച്ചു.

'നിനവുകളും നിരൂപണങ്ങളുമെല്ലാം തന്റെ സൃഷ്ടികളിൽ ഉരുവാകുമ്പോൾ തന്നെ കണ്ടറിയുന്നവനാണു സർവ്വജ്ഞനായ കർത്താവ്. അഹങ്കാരത്തിനും അസൂയയ്ക്കും പരിശുദ്ധിയുടെ പരമസിംഹാസനത്തിലെവിടെയിടം ?

ലൂസിഫറിലും കൂട്ടരിലും ഈ അശുദ്ധ ചിന്തകൾ കയറിയപ്പോൾ തന്നെ അവർ പരിശുദ്ധ

മായ പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ടു. (പുറത്തായി ?)' ആദാം പറഞ്ഞു.

'ജ്വലിച്ചു നിൽക്കുന്ന സൂര്യനരികിൽ ഇരുളിനെവിടെയിടം ? ' ഈ ഉപമയിൽ ആദാം അതു വിശദമാക്കി.

'അവരെവിടെപ്പോയി ?' മക്കൾ ചോദിച്ചു.

'സ്വർഗ്ഗത്തിൽ നിന്നുമവർ പതിച്ചതു നരകപാതാളത്തിലാണ്.'

ആദാം പറഞ്ഞു.

'അതെന്താണപ്പാ ഈ നരക പാതാളം ?.' മക്കൾ ചോദിച്ചു.

'സ്വർഗ്ഗീയ ദിവ്യപ്രഭയിൽ ദൈവത്തിന്റെ മഹത്വകിരണങ്ങളേറ്റ് ആനന്ദവും സന്തോഷവുമനുഭവിച്ചു കഴിഞ്ഞ ദൂതന്മാർക്കു വിശുദ്ധിയുടെ തേജോവസ്ത്രം നഷ്ടമായതോടെ അശുദ്ധിയുടെ ആവരണമണിഞ്ഞ അവർക്കായി ദൈവമൊരുക്കിയ സ്ഥലമാണ് നരക പാതാളം.'

ആദാം വിശദമാക്കി.

'പാതാളത്തിലവരുടെ പണിയെന്തായിരിക്കും? മക്കളുടെ ചോദ്യം.

'മക്കളെ, കർത്താവിന്റെ കൂടെ അധികനാൾ കഴിയാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായില്ലല്ലോ. അപ്പോഴേക്കും ഞങ്ങളും പുറത്തായില്ലേ.'

ഇതു പറഞ്ഞു നിർത്തിയിട്ട് ആദാം വിദൂരതയിലേക്കു നോക്കി നിശബ്ദനായിരുന്നു.

ആ കണ്ണുകൾ നിറയുന്നതു കണ്ടു കുഞ്ഞുങ്ങൾ പിന്നീടൊന്നും ചോദിച്ചില്ല.

(തുടരും ....)


ഉദ്ദിഷ്ട കാര്യം സാധിച്ചതിന്



മാഗി കാച്ചപ്പിള്ളി

വി. ഗീർവർഗ്ഗീസ് പുണ്യാളാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.



ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# അനന്ത മഹാത്മ്യം

1. പരമപിതാവിൻ മാഹാത്മ്യം
അനന്തമതുപോലഗ്രാഹ്യം
അങ്ങേ ഛായയിൽ, സാദൃശ്യത്തിൽ
സൃഷ്ടിതമത്രേ മാനവരും

കോറസ് ഈ മാഹാത്മ്യം സ്ഥിതിചെയ്വൂ
ഉണ്മയിലതുപോൽ അഭേദ്യമായ്!

2. മനുഷ്യവ്യക്തി പ്രാമുഖ്യം
സംരക്ഷിതമായീടേണം
വ്യക്ത്യർഗതമായതിനാൽ
യുക്ത്യാലറിയാം നേരായി

കോറസ് അവകാശങ്ങൾ സംരക്ഷിക്കാൻ
ആധാരമാകുവതീ തത്ത്വം!

3. അവകാശങ്ങൾ ലംഘിച്ചാൽ
അതിക്രമങ്ങൾ പെരുകിവരും
മാനവചേതനയുണരേണം
ഇതിനെതിരേ അണിചേരേണം

കോറസ് അമൂല്യമാമീ അവകാശങ്ങൾ
സംരക്ഷിതമാക്കേണം നാം!


പ്രിയരേ,

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ഔദ്യോഗിക മുഖപത്രമായ താലന്ത് 1978 മുതൽ പാലാരിവട്ടം പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചുവരികയാണല്ലോ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ട് അനിവാര്യമായ മാറ്റങ്ങളോടെ ഈ മുഖപത്രം കേരളസഭയിലെ എല്ലാ വിശ്വാസിസമൂഹത്തിനും ലഭ്യമാക്കത്തക്കവിധം പുതുമകളോടെ പ്രസിദ്ധീകരിക്കുകയാണ്. കേരളസഭയെ സംബന്ധിക്കുന്ന ഔദ്യോഗിക വിഷയങ്ങൾ, മതബോധനം എന്നിവ കൃത്യമായും നേരിട്ടും പഠിക്കുവാൻ ഈ സംരംഭത്തോട് സ്നേഹപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക വരിസംഖ്യ - Rs. 180**

**മൂന്ന് വർഷത്തേക്ക് - Rs. 500**

ഈ തുക മണിഓർഡർ വഴിയോ താഴെ കാണുന്ന മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ അയ്ക്കാവുന്നതാണ്




Contact Number : 94474 41109

സ്നേഹപൂർവം,

**ഫാ. ടോണി കോഴിമണ്ണിൽ**

**ചീഫ് എഡിറ്റർ**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം
(ഒക്ടോബർ 20, 2024)

# പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ 22:9 കാണുക)



പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1–14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, “അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ” (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന

ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യ ചിന്താവിഷയം, "കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽ കൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

***1. "പോയി ക്ഷണിക്കുവിൻ" : കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.***

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിത ദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: "പുറത്തേക്കു പോകുക," "ക്ഷണിക്കുക" എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെ പോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾ വരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാ

വർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കു പോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്ത വരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിത ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവി ശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാള വുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കു കയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിത ദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ "നാൽകവലകളി"ലേക്ക് കടന്നുചെല്ലാനാവും. "സഭയിൽ ഇന്നു നടക്കുന്ന യാഥാർഥ്യം യേശു ഉള്ളിൽ നിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറ ങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കി മാത്രം' സൂക്ഷി ക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; "നാമെ ല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹി ക്കുന്നു" (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം*, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത

കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടും വിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് "പോകാൻ" മാത്രമായിരുന്നില്ല; മറിച്ച്, "ക്ഷണിക്കാനും" ആയിരുന്നു. "വിവാഹവിരുന്നിനു വരുക" (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരുവശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടും കൂടിയും. അതേരീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ "ശൈലി" നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും മൃതരിൽ നിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം" (*സുവിശേഷത്തിന്റെ സന്തോഷം*, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പകൊണ്ടും ആർദ്രത കൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

### 2. *"വിവാഹാഘോഷത്തിലേക്ക്": ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.*

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യ ത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ

10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6–8 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും ... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിത വൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്ക പ്പെടണം" (മർക്കോ 13:10 കാണുക) (*പ്രേഷിതപ്രവർത്തനം* [*Ad Gentes*], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു" എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ "വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗ

ത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യ പൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യ വിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6–8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (*സ്നേഹത്തിന്റെ കൂദാശ* [*Sacramentum Caritatis*], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചു പറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യ മേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (*സ്നേഹത്തിന്റെ കൂദാശ,* 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശികസഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചു വരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർ ജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം

ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മററ് ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. *"എല്ലാവരോടും" പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം*

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും". ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" (*പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം.

“എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്” (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: “പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം” (*സുവിശേഷത്തിന്റെ സന്തോഷം*, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ “ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി” (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. “എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ “അതെ” എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും “വിവാഹവസ്ത്രം” (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശിക സഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന"(പ്രേഷിത പ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിത പ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച

മറിയത്തിലേക്ക് (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാന കാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണ ദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹ ത്തിലുംനിന്ന് ശക്തിസംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷ വൽകരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

## *Happy Feast Day*

1. Mar Mathew Moolakatt — September 21
2. Dr. Mathews Mar Polycarpos — September 21
3. Rt. Rev. Dr. Vincent Samuel — September 29

സമീക്ഷകൻ

# 'ചെറിയ അജഗണ'മാണെങ്കിലും...

പി.ഒ.സി ആസ്ഥാനമായുള്ള കെസിബിസി ബൈബിൾ കമ്മീഷനും കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയും നടത്തിവരുന്ന വചനശുശ്രൂഷ യുടെ ഏറ്റവും സുപ്രധാന കാലഘട്ടമായി അടയാളപ്പെടുത്താവുന്നത് സെപ്റ്റംബർ, നവംബർ, ഡിസംബർ മാസങ്ങളാണ്.

'ഏഷ്യയിലെ സഭ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശുദ്ധ ലൂക്കാ സുവിശേഷകന്റെ എഴുതിയ സുവിശേഷത്തിൽ നിന്നുള്ള ക്രിസ്തു വചനമാണ് നമ്മുടെ ഭൂഖണ്ഡത്തിലെ സഭയെക്കുറിച്ചുള്ള പ്രത്യാശ രേഖപ്പെടുത്താൻ ഉദ്ധരിച്ചിട്ടുള്ളത്. 'ചെറിയ അജഗണമേ, ഭയപ്പെടേണ്ട. എന്തെന്നാൽ നിങ്ങൾക്ക് രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു' (ലൂക്കാ 12:32).

കേരളസഭയ്ക്കായി ഭാഷാനവീകരണം നടത്തിയ ബൈബിൾ പ്രകാശനം ചെയ്തു കഴിഞ്ഞു. ഈ വർഷം നടക്കുന്ന ലോഗോസ് ക്വിസ് 24-ാമത്തേ താണ്. മാത്രമല്ല, സൈബറിടങ്ങളിൽ ക്രിസ്തു വചനങ്ങളെ അവതരിപ്പിക്കു ന്നതിനുള്ള നിരന്തര പരിശ്രമത്തിലുമാണ് ബൈബിൾ കമ്മീഷൻ. 2023 ജൂലൈയിൽ പരിഷ്ക്കരിച്ച് അപ്ലോഡ് ചെയ്ത ബൈബിൾ ആപ്പ് ശ്രോതാ ക്കൾക്ക് ഏറെ പ്രിയങ്കരമാണിപ്പോൾ. പോയവർഷം പി.ഒ.സി. ബൈബിൾ ആപ്പ് ഡൗൺലോഡ് ചെയ്ത് അഞ്ച് ലക്ഷത്തിലേറെ പേരാണെന്ന് കെ.സി. ബി.സി റിപ്പോർട്ടിൽ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. ജോജു കോക്കാട്ട് രേഖപ്പെടുത്തിയിട്ടുണ്ട്.

ശരിയാണ്, ഏഷ്യാവൻകരയിൽ ക്രൈസ്തവർ മിക്കരാജ്യങ്ങളിലും ന്യൂന പക്ഷമാണ്. പക്ഷെ 'ഏഷ്യയിലെ സഭ'യിൽ നമുക്ക് വിശുദ്ധ ജോൺപോൾ രണ്ടാമൻ ഒരു വിശേഷണം നൽകിയിട്ടുണ്ട് 'കാലത്തും അകാലത്തും' (2 തിമോ. 4:2) സുവിശേഷം പങ്കുവയ്ക്കുന്നതിൽ അവർ എല്ലായിടത്തെയും ക്രിസ്ത്യാനികൾക്ക് മാതൃകയാണ്' എന്ന്. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും പ്രവർത്തനങ്ങൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറിക്കൊണ്ടിരിക്കുന്നത് നമുക്ക് അഭിമാനകരവും ആഹ്ലാദ കരവുമാണ്.

**- ആന്റണി ചടയംമുറി -**

## PASTORAL TRAINING INSTITUTE,
## POC, PALARIVATTOM, KOCHI.
## IN ASSOCIATION WITH
## RODA MISTRY COLLEGE OF SOCIAL WORK AND RESEARCH CENTRE (ICSW–TS)
## (AFFILIATED TO OSMANIA UNIVERSITY GACHIBOWLI – HYDERABAD)

# *CERTIFICATE COURSE IN COUNSELLING*

**100% VIRTUAL**

**FEES : RS. 15,000/-**
**DURATION : 3 MONTHS**
**(OCTOBER 15, 2024 - DECEMBER)**
**DAYS OF THE WEEK : FRIDAY & SATURDAY**
**TIME : 06:30 PM - 08.30 PM**

## *CONTACT US NOW*

**Fr. Tony Kozhimannil**
Dean of Studies, PTI
9447441109.

**Sr. Solly Chako DCPB**
8113876979.

ptipoc@gmail.com

## *WHO CAN APPLY*

Working Professionals, NGO, and Healthcare Professionals, Home Makers, Students, Corporate, HR & CSR employees.

TALENT September 2024
Total Pages : 68 PRICE per copy : Rs. 15

RNI No. KER/MAL/29523/78

*High Quality Printing with Divinity*

# DIVINE
PRINTERS & PUBLISHERS




HEIDELBERG - 4 COLOUR



WEBOFFSET

- **Multicolour Offset Printing**
- **Weboffset Printing**
- **CTP Unit**
- **Skilled Workers**



HEIDELBERG - CTP

**DIVINE NAGAR, MURINGOOR, CHALAKUDY**

**9745027755**
**8547606815**

ctpdivine@gmail.com
ctpdivine2017@gmail.com
dtpdivine@gmail.com

we exports different kinds of printing works to worldwide

Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil